For circulation among believers only

റിന്യൂവൽ: ആത്മീയ പുതുക്കത്തിന്

# റിന്യൂവൽ

Annual Subscription Rs. 50

വാല്യം - 8 | ലക്കം - 1 | ഡിസംബർ 2008

## വാർത്താപത്രിക

# ഹിമാലയ താഴ്‌വരയിൽ

**രാ**ജഭരണത്തിൽ നിന്നും ജനാധിപത്യ റിപ്പബ്ലിക്കായി മാറിയ ഭൂട്ടാനിൽ 85 ശതമാനവും ബുദ്ധമത വിശ്വാസികളാണ്. ക്രിസ്ത്യാനികൾ 0.02 ശതമാനം മാത്രം. ക്രിസ്തീയ പ്രവർത്തനങ്ങളോ സഭാഹാളുകളോ അനുവദിക്കപ്പെട്ടിട്ടില്ലാത്ത ഈ രാജ്യത്ത് 8 ലക്ഷത്തോളം ജനങ്ങളാണ് അധിവസിക്കുന്നത്. പൊതുവേ തണുപ്പുള്ള കാലാവസ്ഥയുള്ള ഇവിടെ ആപ്പിളും, ഓറഞ്ചും, ഏലവും, തേയിലയും സുലഭം. ഇന്ത്യയുടെ അതിർത്തിയിൽ താമസിച്ചു കൊണ്ട് അദ്ധ്യാപകരായും, ഡോക്ടേഴ്സായും, എൻജിനീയർമാരായും അനവധി ഇന്ത്യക്കാർ ഭൂട്ടാനിൽ ജോലി ചെയ്യുന്നുണ്ട്. ഔദ്യോഗിക ഭാഷയായ സോംങ (Dzonghe)യിൽ പുതിയ നിയമമുണ്ട്. ഭൂട്ടാനോടു ചേർന്നുള്ള ഭാരത അതിർത്തിയിൽ താമസിച്ചു കൊണ്ട് 2005 മുതൽ പ്രവർത്തിക്കുന്ന മഹാരാഷ്ട്രയിലെ സിറോഞ്ചയിൽ നിന്നുള്ള സന്തോഷ് ജുപാക്കയുടെ പ്രവർത്തനഫലമായി ഇപ്പോൾ 3 സ്ഥലം സഭകളുണ്ട്. ഞായറാഴ്ച 10നും 1നും വൈകിട്ട് 6.30നുമായി മൂന്ന് സ്ഥലത്ത് യോഗങ്ങൾ നടക്കുന്നു. 2001ൽ യൂണിവേഴ്സിറ്റിയിൽ പഠിച്ചു കൊണ്ടിരുന്നപ്പോൾ ഒരു മീറ്റിങ്ങിൽ വച്ചാണ് ഭൂട്ടാൻ എന്ന ആശയം ആദ്യമായി ഹൃദയത്തിൽ തട്ടിയത്. 2002ൽ അത്യധികമായ ആഗ്രഹത്തെ തുടർന്ന് വാംഗ്ചുക്ക് രാജാവിന്റെ ഭൂട്ടാനിൽ സന്ദർശനം നടത്തിയ സന്തോഷ് മൂന്നു വർഷത്തെ പ്രാർത്ഥനയ്ക്കും കാത്തിരിപ്പിനും ശേഷം തന്റെ ഭാര്യ സിരിഷയോടൊപ്പം ഭൂട്ടാൻ അതിർത്തിയിലേക്ക് കുടിയേറി. ഭൂട്ടാന്റെ തെക്കു പടിഞ്ഞാറൻ അതിർത്തിയിൽ 'ചാമുർച്ചി'എന്ന സ്ഥലത്ത് താമസിച്ചുകൊണ്ട് സന്തോഷ് പ്രവർത്തനമാരംഭിച്ചു. ഭൂട്ടാൻകാർ സാധനങ്ങൾ വാങ്ങാൻ ഇവിടെ വരികയും ഇന്ത്യക്കാർ ഇവിടെ നിന്നും ജോലിക്കായി ഭൂട്ടാന്റെ ഉള്ളിലേക്ക് പോകയും ചെയ്യുന്നു. ആ നിലയിൽ തന്ത്രപ്രധാനമായ സ്ഥലമാണിത്. മാർക്കറ്റ് ഭാഷയായ നേപ്പാളിയിൽ പ്രസംഗിക്കാൻ പഠിച്ച സന്തോഷ് ചില മാസങ്ങൾക്കുള്ളിൽ സോംങ ഭാഷ കൈകാര്യം ചെയ്യാൻ ധൃതഗതിയിൽ പരിശീലിക്കുന്നു. ഭൂട്ടാന്റെ ഉള്ളിൽ നിന്ന് ചിലരെ വ്യക്തിപരമായി ബന്ധപ്പെടുവാൻ കഴിഞ്ഞിട്ടുണ്ട്. രഹസ്യമായി പോയി സൗഹൃദം സ്ഥാപിക്കയും സുവിശേഷം പങ്കുവെയ്ക്കുകയുമാണ് ചെയ്യുന്നത്. ഇപ്പോഴുള്ള 3 സ്ഥലങ്ങളിലെ വിശ്വാസികളിൽ നേപ്പാളികളും ആദിവാസികളുമാണുള്ളത്. ചാമുർച്ചിയിലും റെഡ്ബാങ്കിലും അത്യാവശ്യമായി സഭാ ഹോളുകൾ ഉണ്ടാകണം. വീടുകളിൽ ആരാധനയ്ക്കു തടസ്സമുള്ളതിനാൽ ഷീറ്റിട്ട ഷെഡ്ഡുകൾ എങ്കിലും അടിയന്തരമായി നിർമ്മിക്കേണ്ടിയിരിക്കുന്നു. ദരിദ്രരായ കുട്ടികൾക്ക് ട്യൂഷനും ആഴ്ചയിൽ ഒരു ദിവസം ചിൽഡ്രൻസ് ക്ലബ്ബും നടത്തുന്നുണ്ട്. ഏതാണ്ട് 20 കുട്ടികൾ പങ്കെടുക്കുന്നു. ബംഗാളിലെ ന്യൂജൽപായിഗുരി റയിൽവേ സ്റ്റേഷനിൽ നിന്നും 3 മണിക്കൂർ ബസിൽ യാത്ര ചെയ്താൽ ഇവിടെയെത്താം. 2005ൽ സന്തോഷ് എത്തുമ്പോൾ വാട്ടർടാപ്പും, വൈദ്യുതിയും, ടെലിഫോണും, റോഡുകളും ഇല്ലായിരുന്നെങ്കിലും ഇന്ന് അതെല്ലാം എത്തിക്കഴിഞ്ഞു. മയക്കു മരുന്നിടിമകളായ യുവജനങ്ങൾ ധാരാളമുണ്ട്. നല്ല ആശുപത്രികളില്ല. സ്കൂളുകൾ, ഓർഫനേജുകൾ, ആശുപത്രികൾ ഇവയൊക്കെ നടത്തുവാൻ ധാരാളം സാധ്യതകളുണ്ട്. ഭൂട്ടാന്റെ വിളി കേൾക്കാൻ ആരു തയ്യാറാകും?



സന്തോഷ് കുടുംബത്തോടൊപ്പം

സന്തോഷ്-സിരിഷ ദമ്പതികൾക്ക് 10 മാസം പ്രായമായ ഒരു കുട്ടിയുണ്ട് - ഫിന്നി. ഇവരെ പ്രാർത്ഥനയിൽ ഓർക്കാനും പിന്തുണ നൽകാനും നമുക്ക് കടപ്പാടുണ്ട്.

Santhosh Jupaka, Chamurchi
Bazaar, Jalpai Guri Dist.,
West Bengal - 735207,
Bhutan Border,
e-mail:ss4bhutan05@yahoo.com.

## റിന്യൂവൽ 9-ാം വർഷത്തിലേക്ക്

ക്രിസ്തീയ പത്രപ്രവർത്തനത്തിന് പുതിയ പ്രവണത കുറിക്കുവാൻ ദൈവം ഇടയാക്കിയ റിന്യൂവൽ 9-ാം വർഷത്തിലേക്ക് പ്രവേശിക്കുന്നത് തികഞ്ഞ ചാരിതാർത്ഥ്യത്തോടെയാണ്. ഇതുവരെയും ആത്മാർത്ഥമായ പ്രാർത്ഥനയും സഹകരണവും പിൻബലമായി നൽകിയ മാന്യവായനക്കാർക്കും അഭ്യുദയകാംക്ഷികൾക്കും സ്നേഹനിർഭരമായ നന്ദി. പിച്ചവെച്ചു നടക്കുമ്പോഴുണ്ടായ ചില്ലറ പ്രശ്നങ്ങളൊഴിച്ചാൽ റിന്യൂവലിനുണ്ടായ വളർച്ച അത്ഭുതകരമാണ്. സർവ്വ കൃപാലുവായ ദൈവത്തിന് സകല മഹത്വവും നൽകുന്നതോടൊപ്പം റിന്യൂവൽ നയം ഒരിക്കൽകൂടി താഴെക്കൊടുക്കുന്നു.

- യഥാർത്ഥ ഉപദേശങ്ങൾക്ക് (ദൈവ വചന സത്യങ്ങൾ) നിരക്കുന്നതുമാത്രം പ്രസിദ്ധീകരിക്കുക.
- പാപത്തെ പാപമായി കാണുകയും പ്രോത്സാഹിപ്പിക്കാതിരിക്കുകയും ചെയ്യുക.
- ദൈവ സാന്നിദ്ധ്യത്തിലുള്ള എഡിറ്റിംഗ് എന്ന ആശയം പ്രാവർത്തികമാക്കുക.
- കുറ്റം പറഞ്ഞ് നിരാശപ്പെടുത്താതിരിക്കുക.
- ആരേയും തേജോവധം ചെയ്യാതിരിക്കുക.
- അസത്യങ്ങൾക്കും അർദ്ധസത്യങ്ങൾക്കും ഇടംകൊടുക്കാതിരിക്കുക.
- വിഭാഗീയത വളർത്തുന്നതിന് കൂട്ടുനിൽക്കാതിരിക്കുക.
- ആത്മീക അഭിവൃദ്ധിക്കുവേണ്ടി മുഖം നോക്കാതെ ധൈര്യമായി നിലകൊള്ളുക.

ഈ ആത്മീക ശുശ്രൂഷയെ ഓർത്ത് പ്രാർത്ഥിക്കുമല്ലോ. പരിമിതമായ വരിസംഖ്യ മാത്രമാണ് നിശ്ചയിച്ചിരിക്കുന്നത്. ഒരു മാസികക്കും വരിസംഖ്യ കൊണ്ടുമാത്രം മുമ്പോട്ടു പോകുന്നത് എളുപ്പമല്ല. സഹകാരികളായി ചേർന്നും, കുടിശിഖ അയച്ചുതന്നും സമ്പൂർണ്ണ ആത്മിക ഉണർവ്വിനായുള്ള ഈ യത്നത്തിൽ പങ്കാളികളാകാൻ അഭ്യർത്ഥിക്കുന്നു. — എഡിറ്റർ ഇൻ ചാർജ്

# നമ്മുടെ ഹൈറേഞ്ച്

**കേ**രളത്തിന്റെ ഊർജ്ജസ്രോതസായ ഇടുക്കിയുടെ പകുതി ഭാഗം നിബിഡ വനമേഖലയാണ്. "ദൈവത്തിന്റെ സ്വന്തം" നാടെന്ന് വിനോദ സഞ്ചാര ഭൂപടത്തിൽ പേരെഴുതി ചേർത്ത കേരളത്തിന്റെ വശ്യമായ ചിത്രങ്ങൾ ഭൂരിഭാഗവും ഇടുക്കി ജില്ലയുടെതാണ്. പച്ച പരവതാനി കൊണ്ട് മൂടി പുതച്ചുകിടക്കുന്ന മൂന്നാറിലെ തേയില



ഇടുക്കി ഡാമിന്റെ നിർമ്മാണ ഘട്ടത്തിലെടുത്ത ചിത്രം

കുന്നുകൾ, വൻ മലകളുടെ ഇടയിലൂടെ ആർത്തലച്ചു പായുന്ന പുഴകൾ, പാലുപോലെ പതഞ്ഞു കുതിച്ചു ചാടുന്ന വെള്ളച്ചാട്ടങ്ങൾ, ഭീമാകാരമായ പാറക്കെട്ടുകൾ... ശീതളഛായയ്ക്കൊത്ത കുളിരും പേറി നിൽക്കുന്ന ഇടുക്കിയെ കണ്ടാൽ ആരും പറഞ്ഞു പോകും, "വണ്ടർഫുൾ".

തൂക്കുപാലത്തിനടുത്ത് രാമക്കൽ മേട്ടിൽ നിന്നാൽ ചായമെടുത്ത് ചാലിച്ച് വരച്ച പോലെ മധുരയിലെ കമ്പം, തേനി പ്രദേശങ്ങൾ കാണാം. ഉപ്പുതറയ്ക്കടുത്ത് മത്തായി പാറയിൽ നിന്നാൽ രാത്രിയിൽ ചന്ദ്രനും, നക്ഷത്രങ്ങളും കൈയെത്തും ദൂരത്ത് നിൽക്കുന്നതു പോലെ തോന്നും. അവിടെ നിന്ന് താഴോട്ടു നോക്കിയാൽ വെള്ളി ഉരുക്കി ഒഴിച്ചതു പോലെ അവിടെവിടെയായി ചില തടാകങ്ങൾ. ഏഷ്യയിലെ ഏറ്റവും വലിയ ആർച്ചു ഡാമുകളില്ലൊന്നായ ഇടുക്കിയുടെ ജലസംഭരണിയാണത്. വൈദ്യുതി ഉല്പാദന കേന്ദ്രങ്ങളിലേക്ക് വെള്ളം കൊണ്ടു പോകുന്ന 'പെൻസ്ട്രോക്ക്' പൈപ്പുകൾ മലകൾക്ക് ക്രോസ്സ് ബെൽറ്റിട്ടതു പോലെയാണ്.

വിവരണങ്ങൾ കൊണ്ട് വിവരിച്ചു തീരാത്ത ഇടുക്കി "ഇടുക്ക്" എന്ന വാക്കിൽ നിന്ന് രൂപം പ്രാപിച്ച പേരാണ്. കേരളത്തിലെ വൻ നദികളിലൊന്നായ പെരിയാർ കുലംകുത്തി ഒഴുകിയിരുന്നത്. "കുറവൻ, കുറത്തി" മലകളുടെ ഇടുക്കിയുടെയാണ്. ഇതാണ് 'ഇടുക്കി' എന്ന പേര് വരുവാൻ കാരണമെന്ന് പറയപ്പെടുന്നു. പിന്നീട് ഈ 'കുറവൻ, കുറത്തി' മലകൾ യോജിപ്പിച്ചാണ്. വിസ്മയ കാഴ്ച്ചയായ ഇടുക്കി ഡാം നിർമ്മിച്ചത്. മുല്ലപെരിയാർ, കുളമാവ്, ചെറുതോണി, ലോവർ പെരിയാർ, ഇടമലയാർ തുടങ്ങി വലിയ ഡാമുകളും അനേക അനുബന്ധ ഡാമുകളും (ചെക്ക് ഡാം) ഉള്ള ഇടുക്കിയെ ഡാമുകളുടെ "അമ്മ" എന്നും വിശേഷിപ്പിക്കാം.

ഉടുമ്പൻചോല, പീരുമേട്, ദേവികുളം, തൊടുപുഴ എന്നീ നാല് താലൂക്കുകൾ ചേർന്ന ഇടുക്കി രൂപം കൊള്ളുന്നത് 1972 ജനുവരി 24 നാണ്. തേയിലയും, ഏലവും, കുരുമുളകും മുതലുള്ള നാണ്യവിളകൾ കൊണ്ട് സമൃദ്ധമായ ഇടുക്കിയുടെ കാർഷിക മേഖലയുടെ പൂർവ്വ ചരിത്രം വളരെ സമ്പന്നമായിരുന്നു. എന്നാൽ ഗാട്ട് കരാറിലൂടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നാണ്യവിളകളുടെ ഇറക്കുമതിയോടെ കാർഷിക മേ



ഇടുക്കി ജില്ലയായി പ്രഖ്യാപിച്ചുകൊണ്ടുള്ള ചടങ്ങ്

ഖല പാടെ തകർന്നു. ഇന്ന് സാമ്പത്തീകമായി പിന്നോക്കം നിൽക്കുന്ന ഒരു ജില്ലയാണ് ഇടുക്കി.

ഇടുക്കിയുടെ പല പ്രദേശങ്ങളിലും ബ്രിട്ടീഷുകാരുടെ കാലം മുതൽ ക്രിസ്തീയ മിഷണറിമാർ പ്രവർത്തിച്ചിരുന്നു. പല സ്ഥലങ്ങൾക്കും ക്രിസ്തീയ പേരുകൾ ഉള്ളത് അതിന് തെളിവാണ്. ഇന്ന് സുവിശേഷ വിഹിത സഭകളുടെ സാന്നിധ്യവും പ്രവർത്തനവും ശക്തമായ മേഖലയാണ് ഇവിടം. വർഷങ്ങൾക്കു മുമ്പ് നമ്മുടെ ചില സുവിശേഷകരും, സഹോദരന്മാരും, കോട്ടയത്തു നിന്നും, അങ്കമാലിയിൽ നിന്നും സുവിശേഷ പ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്നു. അതിന്റെ ഫലമായി ചില സഭകൾ ഇവിടെ രൂപം കൊണ്ടു. മണ്ണിനോട് പടവെട്ടി തഴമ്പിച്ച കൈകളിൽ സ്നേഹത്തിന്റെ വചനം കൈക്കൊണ്ടപ്പോൾ ചിലർ ക്രിസ്തുവിനായി തങ്ങളെ തന്നെ ഏൽപ്പിച്ചു. ഇന്ന് ഇടുക്കി ജില്ലയിലെ സുവിശേഷകരിൽ ഭൂരിഭാഗവും തദ്ദേശിയരാണ്.

അൻപതോളം ബ്രദ്റൻ സഭകളുള്ള ഇടുക്കിയുടെ വേർപാട് ചരി

ശേഷം 2-ാം പേജിൽ

## എസ്.എസ്.എൽ ക്യാമ്പ്

2009ലെ എസ്.എസ്.എൽ, ക്യാമ്പ് ഏപ്രിൽ 8 ബുധൻ മുതൽ 12 തിങ്കൾ വരെ നടക്കുന്നു. ഈ കാലഘട്ടത്തിലെ യുവജന ക്യാമ്പുകളുടെ നടത്തിപ്പിൽ വളരെയേറിയ സ്വാധീനം ചെലുത്തിയ ക്യാമ്പാണ് 1989 മുതൽ പ്രാദേശിക ബ്രദ്റൻ സഭകളുടെ സഹകരണത്തിൽ നടത്തിവരുന്ന എസ്.എസ്.എൽ ക്യാമ്പുകൾ. മുഴുവൻ സമയ പങ്കെടുക്കൽ, നിർബന്ധഫീസില്ലാതെ ഫെയിത് ബോക്സ് തുടങ്ങിയവയ്ക്കു ഈ ക്യാമ്പുകളാണ് മുന്നോടിയായത്. 2005 മുതൽ ഒരേ സമയം രണ്ടു സ്ഥലങ്ങളിലായാണ് എസ്.എസ്.എൽ ക്യാമ്പുകൾ നടന്നിരുന്നതെങ്കിലും സീനിയേഴ്സിന്റെയും പരിശീലകരുടെയും സൗകര്യാർത്ഥം ഇപ്രാവശ്യം ഒരുമിച്ചാണ് നടത്തുന്നത്. 10-ാം ക്ലാസ്സിൽ പരീക്ഷയെഴുതുന്നവർക്ക് ഇപ്പോഴെ രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് തോമസ് ജോൺ 94473431237

# ചോദ്യവേദി

ചോദ്യവേദിയിലൂടെ നിങ്ങളുടെ സംശയങ്ങൾക്ക് ഉത്തരവും, ആവശ്യമുള്ള മാർഗ്ഗനിർദ്ദേശവും നൽകുന്നതാണ്. ഈപ്രാവശ്യം പൊതുവായ ഒരു ചോദ്യത്തിനാണ് ഉത്തരം നൽകിയിരിക്കുന്നത്. യൂത്ത് ഗൈഡ്, കുടുംബവേദി, ആരോഗ്യരംഗം, നിയമവും നമ്മളും തുടങ്ങിയവയുമായി ബന്ധപ്പെട്ടതും മറ്റു പൊതുപ്രയോജനം ചെയ്യുന്ന ചോദ്യങ്ങളും ചോദിക്കാം. അതാത് മേഖലകളിൽ പ്രാവിണ്യം തെളിയിച്ച സഹോദരീസഹോദരന്മാരായിരിക്കും ഉത്തരം നൽകുക. റിന്യൂവൽ നയമനുസരിച്ചല്ലാത്ത ചോദ്യങ്ങൾ പരിഗണിക്കുന്നതല്ല. ചോദ്യങ്ങൾ അയക്കേണ്ട വിലാസം – The News Editor, Renewal, MRA 19A, Madathuvila Lane, Medical College P.O., Trivandrum - 695011.

**? ടാറ്റൂവിങ്ങ് അഥവാ പച്ചകുത്തൽ ഇന്ന് വളരെ പോപ്പുലറായിരിക്കുന്നു. മനോഹരമായ ഒരു ചിത്രപ്പണി എന്ന നിലയിൽ അത് സ്വീകരിക്കുന്നതിൽ അപാകതയുണ്ടോ? ഒരു ദൈവ പൈതലിന് പച്ചകുത്താമോ?**

● സാർവ്വദേശീയമായ ഒരു കലാരൂപമായി പച്ചകുത്തൽ പരിണമിച്ചിരിക്കുകയാണ്. ആഭരണങ്ങൾ അണിയുന്നതുപോലെയും, മറ്റ് സൗന്ദര്യ സംവർധക സംവിധാനങ്ങൾ ഉപയോഗിക്കുന്നതുപോലെയും സമൂഹത്തിൽ ഒരു ഫാഷൻ തരംഗം ഉയർത്തിക്കഴിഞ്ഞിരിക്കുന്നു ഈ കൈവേലകൾ. തൊലിയുടെ നിറംമാറ്റി രൂപങ്ങൾ, ചിഹ്നങ്ങൾ, ചിത്രങ്ങൾ എന്നിവ ആലേഖനം ചെയ്യുന്ന പ്രക്രിയയാണ് ടാറ്റൂവിങ്ങ്.

ക്രൈസ്തവ ലോകത്തിലും ഈ പ്രവണത നൂണുകയറിയിട്ടുണ്ട്. ക്രിസ്ത്യൻ പോപ്പ് മ്യൂസിക്കുകാരാണ് ഇതിന്റെ വക്താക്കൾ. ഇത് ദൈവമക്കൾക്ക് ആശാസ്യമാണോ എന്ന് ചിന്തിക്കും മുമ്പെ ടാറ്റൂവങ്ങിന്റെ ചരിത്രത്തിലൂടെ ഒന്ന് കണ്ണോടിക്കാം.

ശരീരത്തിൽ ചെറു സുക്ഷിരങ്ങൾ ഉണ്ടാക്കി, ചില പ്രത്യേകതരം രാസക്കൂട്ടുകളും, തടി കത്തിച്ചുണ്ടാക്കുന്ന കരിയും അവിടെ തിരുകിക്കയറ്റി മായാത്ത പാടുകൾ ചർമ്മത്തിന്റെ പുറത്തുണ്ടാക്കിയാണ് പച്ചകുത്തൽ പ്രക്രിയ തുടങ്ങിയതെന്ന് പറയപ്പെടുന്നു. പോളിനേഷ്യൻ പദമായ റ്റാ (എന്തിനെയെങ്കിലും അടിക്കുക) റ്റാറ്റൻ (അടയാളമിടുക) എന്നിവയിൽ നിന്നുമാണ് ടാറ്റൂ അഥവാ പച്ചകുത്തൽ എന്ന പദമുണ്ടായത്. ഏതാണ്ട് 5000 സംവത്സരങ്ങളുടെ പഴക്കം ഈ ചടങ്ങിനുണ്ടെന്ന് കരുതപ്പെടുന്നു. ബി.സി. 3300ലെ മമ്മിഫൈ ചെയ്ത മൃതദേഹങ്ങളിൽ പച്ചകുത്തുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ദുഷ്ടാത്മാക്കളാൽ തടയപ്പെടാതെ പരേതന്റെ ആത്മാവിന് ആത്മലോകത്തിൽ പ്രവേശിക്കുവാൻ പച്ചകുത്തൽ സഹായിക്കുമെന്ന് കരുതിയിരുന്നു. ഏതെങ്കിലും മൃഗത്തിന്റെ ചിത്രം പച്ചകുത്തിയാൽ ആ മൃഗം പിന്നെ ആക്രമിക്കുകയില്ല എന്നു ധരിച്ചിരുന്നവരുണ്ട്. ഓരോ ഗോത്രക്കാർ അവരുടെ കൂട്ടത്തെ തിരിച്ചറിയുവാനും പച്ചകുത്തിയിരുന്നു.

ശരീരം തുളച്ച് രക്തം ചിന്തുക, വേദന സഹിക്കുക, അഗ്നിയുമായി ബന്ധപ്പെടുക എന്നിത്യാദികാര്യങ്ങളൊക്കെ ഇതിൽ അടങ്ങിയിരിക്കുന്നതിനാൽ ദൈവപ്രസാദത്തിനുതകുന്നതാണെന്നും കരുതപ്പെട്ടിരുന്നു. ഒരു ജാതീയ ദേവാരാധനയുടെ പിന്നാമ്പുറമാണ് പച്ചകുത്തലിന് നാം കാണുന്നത്. ഈജിപ്തുകാരാണ് ഈ പരിപാടി ലോകമെങ്ങുമെത്തിച്ചത്. പിന്നീട് നാവികരും കുറ്റവാളികളും ഇതിന് പ്രചുരപ്രചാരം നൽകി. ഇന്ത്യയിലും ഇത് പണ്ടേ നിലവിലുണ്ടായിരുന്നതായിട്ടാണ് ചരിത്രഭാഷ്യം. ഹെന്നയും മെഹന്ദിയുമൊക്കെ




*ചർമ്മം തുളച്ച് പച്ചകുത്തുന്നത് ചിത്രകാരന്റെ ഭാവനയിൽ*

ഇതിന്റെ പരിഷ്ക്കൃത വകഭേദങ്ങളായും പരിഗണിക്കപ്പെടുന്നു.

ഇന്ന് പച്ചകുത്തലിന്റെ രീതികളിൽ വളരെ മാറ്റം വന്നു കഴിഞ്ഞു. ഓറിലീ മെഷീനുകൾ, പച്ചകുത്തലിന് ഒരു ഇലക്ട്രോണിക് പരിവേഷം കൊടുത്തു. ഇന്ന് നാട്ടിലെങ്ങും ടാറ്റൂ പാർലറുകളും ടാറ്റൂ ആർട്ട്സ്റ്റുഡിയോകളും തല ഉയർത്തിക്കഴിഞ്ഞു. സമീപകാലത്ത് കേരളത്തിലെ പല നഗരങ്ങളിലും ടാറ്റൂമേള നടക്കുകയുണ്ടായി.

വളരെ വേദനാജനകമാണ് ഈ പച്ചകുത്തൽ പരിപാടി. മാത്രമല്ല ദീർഘകാലസമയം ഇതിന് വേണ്ടി മാറ്റിവെക്കേണ്ടതുമുണ്ട്. അടുത്തകാലത്ത് തിരുവനന്തപുരത്ത് ടാറ്റൂമേള നടന്നപ്പോൾ, നഗരയുവത്വം, ഊണും ഉറക്കവും ഉപേക്ഷിച്ച് ഒരു ദിവസം മുഴുവൻ, പച്ചകുത്തുകാരന്റെ മുമ്പിൽ ഇരുന്നുകൊടുക്കുന്ന കാഴ്ചയാണ് കണ്ടത്. ചൈനീസ്, റെഡ് ഇന്ത്യൻസ്, ട്രൈബൽ, ബുദ്ധിസ്റ്റ് ഡിസൈനുകളാണ് ഇപ്പോൾ കൂടുതൽ ഉപയോഗിക്കപ്പെടുന്നത്.

ജീവിതകാലം മുഴുവൻ ശരീരത്തിൽ പറ്റിച്ചേർന്നിരിക്കുന്നതാണിത്. പച്ചകുത്തുന്ന പ്രതലത്തിന്റെ വലിപ്പമനുസരിച്ച് പതിനായിരം മുതൽ ലക്ഷങ്ങൾ വരെ ചിലവ് വരും. കുറെക്കാലത്തിനുശേഷം ബോറടി തോന്നുമ്പോൾ പഴയ ചിത്രം മാറി പുതിയ ഷേഡ് പറ്റിക്കണമെന്നുണ്ടെങ്കിൽ ലേസർ ചികിത്സ വേണ്ടിവരും.

വേദപുസ്കത്തിന് ഇതിനോടുള്ള സമീപനം എന്താണ്? ആദ്യമായി ബൈബിളിൽ നാം പച്ചകുത്തലിനെപ്പറ്റി വായിക്കുന്നത് ലേവ്യ 19:28ലാണ്. "മരിച്ചവനുവേണ്ടി ശരീരത്തിൽ മുറിവുണ്ടാക്കരുത്; പച്ചകുത്തരുത്. ഞാൻ യഹോവ ആകുന്നു."

ജാതികൾ ചെയ്തു കൂട്ടുന്ന ഒരു പിടി കാര്യങ്ങൾ ദൈവത്തിന്റെ തെരഞ്ഞെടുത്ത ജനത്തിന് നിഷിദ്ധമാണെന്ന് പറയുന്നതിനിടയിലാണ് പച്ച കുത്തിലിനെപ്പറ്റിയും പറയുന്നത്. ജാതികളുടെ ആരാധനയും വിശ്വാസ സംഹിതയും, ഒക്കൾട്ട് ആചാര രീതിയുമൊക്കെയായി ടാറ്റൂവിങ്ങിന് വളരെ ബന്ധമുള്ളതുകൊണ്ടാണ് ദൈവം അത് യഹൂദന്മാർക്ക് നിഷേധിച്ചത്.

പച്ചകുത്തൽ കേവലം ഒരു കലാരൂപം മാത്രമല്ലേ ഇന്ന്, ഇപ്പോൾ ഒക്കൾട്ട് വിശ്വാസങ്ങളുമായി അതിന് ബന്ധമില്ലല്ലോ, ചർമ്മം എന്ന കാൻവാസിൽ വരയ്ക്കുന്ന ചിത്രമായി ഇതിനെ പരിഗണിച്ചു കൂടേ. യഹൂദന്മാർക്ക് കൊടുത്ത ന്യായപ്രമാണം ഇന്ന് ദൈവജനത്തിന് ബാധകമാണോ എന്നൊക്കെ ചോദിക്കുന്നവരുണ്ട്. ആ ചോദ്യങ്ങൾ പ്രസക്തമാണുതാനും. എന്നാൽ ദൈവത്തിന്റെ മന്ദിരമായ നമ്മുടെ ശരീരത്തിൽ (1. കൊരി 6:19–20) നമ്മുടെ സ്വാർത്ഥ താൽപ്പര്യ പ്രകാരം എന്തും ചെയ്തു കൂട്ടാൻ നമുക്ക് അവകാശമില്ല. മാത്രമല്ല, വിശ്വാസത്തിൽ നിന്ന് ഉത്ഭവിക്കാത്തതൊക്കെയും പാപമത്രേ (റോമർ 14:23) എന്ന് വ്യക്തമായി പറഞ്ഞിരിക്കേ, യേശുവിലുള്ള വിശ്വാസത്തിൽ നിന്നും ഉത്ഭവിക്കാത്ത, എന്നു മാത്രമല്ല ജാതീയ ദേവന്മാരിലും ആത്മാക്കളിലുമുള്ള വിശ്വാസത്തിൽ നിന്നും ഉത്ഭവിച്ച ഈ പച്ചകുത്തൽ എങ്ങനെ നമുക്കംഗീകരിക്കാനാവും.

മെഡിക്കൽ സയൻസും പച്ചകുത്തലിന് ഒട്ടും അനുകൂലമായ നിലപാടല്ല എടുത്തിയിരിക്കുന്നത്.

ബൈബിൾ വാക്യങ്ങളും ക്രിസ്തീയ വിശ്വാസങ്ങളും പച്ചകുത്തുന്ന രീതിയും ഇന്നുണ്ട്. എന്നാൽ അത്തരം സുവിശേഷ വേലയെയും ദൈവരാജ്യ പ്രഘോഷണത്തെയും ബൈബിൾ പ്രോത്സാഹിപ്പിക്കുന്നതായി നാം കാണുന്നില്ല. ഇന്ന് എത്ര ലഘുവായിട്ടാണ് പച്ചകുത്തലിനെ ലോകം വീക്ഷിക്കുന്നതെങ്കിലും ദുരാചാരങ്ങളുടെയും, തെറ്റായ വിശ്വാസങ്ങളുടെയും, പശ്ചാത്തലത്തിൽ പിറവിയെടുത്ത പച്ചകുത്തലിൽ നിന്നും പാടെ അകന്നു നിൽക്കുന്നതു തന്നെയാണ് നമുക്ക് ഉചിതം.

*–ജോർജ്ജ് കോശി, മൈലപ്ര*

## ചിൽഡ്രൻസ് ക്ലബ്ബ്



# സ്റ്റോക്ക് വിറ്റഴിക്കൽ



*"മമ്മിയും ഞാനും കൂടി സെയിലിനു പോയി കിട്ടിയത് നോക്കിക്കേ ഡാഡീ വളരെ വിലക്കുറവ്"! ബോണി വൈകുന്നേരം ഡാഡിയോടു പറഞ്ഞു.*

*"ശരിയാ" മമ്മി തുടർന്നു "പക്ഷേ എന്തൊരു ബദ്ധപ്പാടായിരുന്നു. എല്ലാം കുന്നുകൂട്ടി ഇട്ടിരിക്കുന്നു. ഭയങ്കര ആൾക്കൂട്ടവും. ഇതിനിടയിൽ തപ്പിത്തടഞ്ഞ് ഒരു വിധം ഇതെല്ലാം കിട്ടി. ശരിക്കും അതിനുതക്ക വില ഈ സാധനങ്ങൾക്കുണ്ടോ എന്ന് ഞാൻ അത്ഭുതപ്പെടുകയാണ്. പക്ഷേ ബോണി പറയുന്നതുപോലെ വളരെ വിലക്കുറവ്. എങ്ങനെയാ ഈ കടക്കാർക്ക് ഇത് നഷ്ടമില്ലാതെ ഈ കുറഞ്ഞ വിലയ്ക്ക് വിൽക്കാൻ കഴിയുന്നത്".*

*ഡാഡി പറഞ്ഞു "അവർ അറിഞ്ഞുകൊണ്ടുതന്നെയാണിത് ചെയ്യുന്നത്. ഇനി വച്ചിരുന്നതുകൊണ്ട് ലാഭവും പ്രയോജനമില്ലാത്തതാണത്. പുതിയ സാധനങ്ങൾ വയ്ക്കാൻ ഷെൽഫുകൾ ഒഴിവാക്കികിട്ടുന്നതിനുമാണ് കടക്കാർ ഈ വാർഷിക വിറ്റഴിക്കൽ ചെയ്യുന്നത്. പുതിയ സാധനങ്ങളിൽ നിന്ന് കൂടുതൽ ലാഭം കിട്ടുകയും ചെയ്യും. നമുക്ക് ഇതിൽ നിന്ന് ഒരു പാഠം പഠിക്കാനുണ്ട്".*

*"അതെന്താ?" ബോണി ജിജ്ഞാസയോടെ ചോദിച്ചു.*

*"ഓരോ സമയത്തും നമ്മുടെ ജീവിതത്തിന്റെ ഷെൽഫുകളിൽ നിന്നും എടുത്ത് കളയേണ്ടതായി പലതുമുണ്ട്" ഡാഡി ബൈബിൾ എടുക്കാൻ ശ്രമിക്കുന്നതിനിടയിൽ പറഞ്ഞു. "വൈകിട്ടത്തെ ബൈബിൾ ധ്യാനത്തിനായി നമുക്കത് വായിക്കാം" ഡാഡി ഉറക്കെ കൊലൊസ്സ്യർ 3:8–15 വരെ വായിച്ചു.*

*മമ്മി പറഞ്ഞു "ഇന്ന് കടയിൽ തിക്കിത്തിരക്കിയ ചില സ്ത്രീകളോട് ദേഷ്യപ്പെട്ടതിന്റെ കുറ്റബോധം എനിക്കുണ്ട്. എന്റെ ജീവിതത്തിന്റെ ഷെൽഫിൽ നിന്നും കോപം എടുത്തുകളയണമെന്ന് എനിക്ക് മനസ്സിലായി".*

*ബോണിയുടെ ഒരു കുസൃതി ച്ചോദ്യം "ശരി, എത്ര രൂപയ്ക്ക് നമ്മുടെ മോശമായ കാര്യങ്ങൾ വിൽക്കാൻ പറ്റും?"*

*ചിരിച്ചുകൊണ്ട് ഡാഡി "എനിക്കുറപ്പുണ്ട് അത് ആരും വാങ്ങില്ല. അത് വിൽക്കുന്നത് മറന്നിട്ട് എടുത്ത് ചവറ്റുകുട്ടയിൽ ഇടുക. എന്നിട്ട് ഈ ഭാഗത്ത് പറയുന്ന ദൈവത്തിനിഷ്ടമുള്ള കാര്യങ്ങളാൽ നമ്മുടെ ഷെൽഫുകളെ വീണ്ടും നിറയ്ക്കുക."*

***നിങ്ങൾ എങ്ങനെയാണ്?***

*നിങ്ങളുടെ ജീവിതത്തിന്റെ ഷെൽഫുകളിൽ ഏതെല്ലാം സ്വഭാവ വിശേഷതകൾ ആണുള്ളത്? കള്ളം പറയുക, മോശമായ വാക്കുകൾ, ആരൊടെങ്കിലും പക വീട്ടുക ഇത്തരം കാര്യങ്ങൾ എടുത്തു കളയേണ്ടതായി ഉണ്ടോ? ദയ, ക്ഷമിക്കുന്ന മനോഭാവം, താഴ്മ ഇവയൊക്കെ വീണ്ടും സ്റ്റോക്ക് ചെയ്യേണ്ടതായിട്ടുണ്ടോ? അത് ചെയ്യാൻ സഹായത്തിനായി ഇപ്പോൾ തന്നെ ദൈവത്തോടു പ്രാർത്ഥിക്കുക. പുതിയ വർഷം ആരംഭിച്ചു കഴിഞ്ഞിട്ടും പഴയത് മാറ്റാനുണ്ടെങ്കിൽ അത് ഒഴിവാക്കുക. ദൈവത്തിന് പ്രസാദകരമായ നല്ല കാര്യങ്ങൾ പകരം വയ്ക്കുക.*

***കാണാതെ പഠിക്കുക***

*കൊലൊസ്സ്യർ 3: 9,10*

*.......നിങ്ങൾ പഴയ മനുഷ്യനെ അവന്റെ പ്രവർത്തികളോടുകൂടെ ഉരിഞ്ഞുകളഞ്ഞു, തന്നെ സൃഷ്ടിച്ചവന്റെ പ്രതിമപ്രകാരം പുതുക്കം പ്രാപിക്കുന്ന പുതിയ മനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ.*

*കൊലൊസ്സ്യർ 3: 9,10*

*1–ാം പേജിൽ നിന്ന് തുടർച്ച*

# നമ്മുടെ ഹൈറേഞ്ച്...

ത്രത്തിലെ സുവർണകാലഘട്ടമായിരുന്നു. കഴിഞ്ഞ 20 വർഷങ്ങൾ. സുവിശേഷ പ്രവർത്തനത്തിൽ വളരെ ഉത്സാഹമുള്ള സഹോദരന്മാരും, സുവിശേഷ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന സംഘടനകളും നല്ല പ്രവർത്തനമാണ് ഇടുക്കിയിൽ നടത്തുന്നത്.

ലാണ് ഇവർ അറിയപ്പെടുന്നത്. കാട്ടിൽ ജീവിക്കുന്നവർ മുതൽ പുറം ലോകത്തെ പരിഷ്ക്കാരങ്ങൾ ഉൾകൊണ്ടവർ വരെ ഇവരുടെ കൂട്ടത്തിലുണ്ട്. 12 ലക്ഷത്തിലധികം വരുന്ന ഇടുക്കിയുടെ ആകെ എണ്ണത്തിൽ അൻപതിയൊന്നായിരത്തോളം ആദിവാസികളാണ്.

## ചക്കിമാലി

ഇടുക്കി ജലസംഭരണിയിൽ സ്ഥിതി ചെയ്യുന്ന ഒരു പ്രദേശമാണ് ചക്കിമാലി. നമുക്കിവിടെ ഒരു സഭയുണ്ട്. കാട്ടുമൃഗങ്ങളോടും, പ്രകൃതിക്ഷോഭത്തോടും പടവെട്ടിയാണ് വിരലിലെണാവുന്ന ചില ഭവനങ്ങൾ ഈ ദ്വീപിൽ താമസിക്കുന്നത്. വർഷകാലത്ത് നീരൊഴുക്കിനനുസരിച്ച് ഡാമിൽ വെള്ളം നിറയുമ്പോൾ ചക്കിമാലിയുടെ ഭൂപ്രദേശം ചെറുതാകും. കണക്കു തെറ്റിച്ചെത്തുന്ന മഴയും, വേനലും ഇവരുടെ കൃഷിയിടങ്ങൾക്ക് വരുത്തിവെക്കുന്ന നാശം ചെറുതല്ല. സംഭരണിയിൽ വെള്ളം നിറയുന്നതിനനുസരിച്ച് ഒറ്റപ്പെട്ടുപോകുന്ന ഇവർ അനേകനാളുകൾ മറുകരയിൽ എത്തിച്ചേർന്നിരുന്നത് വളരെ കഷ്ടപ്പാടുകൾ സഹിച്ചാണ്. എന്നാൽ 1996–ൽ സഹോ. ജെയിംസ് വർഗ്ഗീസ് കളക്ടർ ആയിരുന്നപ്പോൾ ഇവർക്ക് ഒരു ബോട്ട് അനുവദിച്ചു. പ്രകൃതിയും, മണ്ണും ഇങ്ങനെയൊക്കെയാണെങ്കിലും അവിടം വിട്ടു പോരുവാൻ ഒരു 'ചക്കിമാലിക്കാരനും' ആഗ്രഹമില്ല. അത്രയ്ക്കിഷ്ടമാണവർക്ക് ചക്കിമാലിയെ!

ഇങ്ങനെയൊക്കെയാണെങ്കിലും സുവിശേഷ പ്രവർത്തനങ്ങളുടെ വെല്ലുവിളികളും അനേകമുണ്ട്. അതിൽ പ്രധാനം ഇവിടുത്തെ ഭൂപ്രകൃതിയാണ്. ചെങ്കുത്തായ കയറ്റവും ഇറക്കവും, വാഹനം പോകാത്ത വഴികളും. മറ്റൊന്ന് നാമധേയ ക്രിസ്തീയ സമൂഹത്തിൽ നിന്നുള്ള കഠിനമായ എതിർപ്പ്, സാമ്പത്തീക പ്രതിസന്ധി. എന്തുകൊണ്ടും വെല്ലുവിളികൾ നിറഞ്ഞ ഒരു സുവിശേഷ വയലാണ് ഇടുക്കി.

വനമേഖല കൊണ്ട് സമ്പന്നമായ ഇടുക്കിയുടെ സ്വന്തം മക്കൾ ആദിവാസികളാണ്. മലയരയൻ, മന്നൻ, മുതുവൻ, ഉരളി, പുലയൻ, ഹിൽപുലയൻ, മലപണ്ടാരം, ഉള്ളാടൻ, മലയൻ ഈ പേരുകളി

തൊണ്ണൂറ്റി ഒൻപത് ശതമാനവും 'ഹൈറേഞ്ച്' ആയ ഇടുക്കിയുടെ സുവിശേഷ വയലിന്റെ വിസ്തൃതി വളരെ വലുതാണ്. സുവിശേഷത്തിന്റെ സാധ്യത അനുസരിച്ച് സാമൂഹിക പ്രവർത്തനങ്ങൾ ഉൾപ്പടെയുള്ള പ്രവർത്തന ശൈലികൾ നാം അവലംബിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. എന്നാൽ സാമ്പത്തീകമായി പിന്നോക്കം നിൽക്കുന്ന ഇവിടുത്തെ വിശ്വാസ സമൂഹത്തിന് അതിന് സാധിക്കുമെന്ന് തോന്നുന്നില്ല. ലോകത്തിലെവിടെയുമുള്ള മലയാളികളായ വിശ്വാസികളുടെ പ്രാർത്ഥനയും സഹകരണവും ഉണ്ടെങ്കിൽ മനോഹരിയായ ഇടുക്കിയിൽ നിന്ന് കർത്താവിന്റെ മണവാട്ടി സഭയിലേക്ക് അനേകരെ കണ്ടെത്താം!

വാർത്തകൾ അയക്കേണ്ട വിലാസം: Thomas John, Hebron, Doctors Garden, Medical College P.O., Thiruvananthapuram, 695 011. Tel : 94473 41237 E-mail : thomasjohntvm@gmail.com, renewalvartha@gmail.com

റിന്യൂവൽ വിശ്വാസത്തിന്റെ ഒരു കാൽവെയ്പ്പാണ്. ദൈവം മനസ്സുണർത്തുന്നവർ സാമ്പത്തീക സഹകരണം താഴെ കാണുന്ന വിലാസത്തിൽ അയക്കുക.

ചെക്കുകളും ഡ്രാഫ്റ്റുകളും – Renewal, P.B.No. 2665, Broadway, Ernakulam - 31. എന്ന വിലാസത്തിലും. മണി ഓർഡറുകൾ – Shombay Poothuran, Renewal, Broadway P.O., Ernakulam - 682 031. എന്ന വിലാസത്തിൽ മാത്രവും അയക്കുക. Bank A/c. No. 21, North Malabar Gramin Bank, Main Branch, EKM. Ph : 0484-2365391

**ഒരു വർഷം ഇന്ത്യയിൽ ഈ മാസിക നിങ്ങളുടെ കൈയ്യിൽ എത്തിക്കുന്നതിന് കുറഞ്ഞത് 50 രൂപ. ചിലവ് പ്രതീക്ഷിക്കുന്നു. വിദേശത്തേക്ക് 500 രൂപ. സാമ്പത്തിക സഹകരണം എറണാകുളം അഡ്രസ്സിൽ മാത്രം അയയ്ക്കുക.**

**റിന്യൂവൽ ടീം:**
**തോമസ് ജോൺ (തിരുവനന്തപുരം), വർഗ്ഗീസ് ചാക്കോ (ബാംഗ്ലൂർ), ജോൺ കുര്യൻ (കോട്ടയം), കെ. തോമസ് മാത്യു (തിരുവല്ല), ജെയിംസ് വർഗ്ഗീസ് (തിരുവനന്തപുരം), ബാബു ജോൺ (നെയ്‌വേലി).**
**എഡിറ്റർ ഇൻ ചാർജ്ജ് – കെ. തോമസ് മാത്യു,**
**കൺസൽട്ടന്റ് എഡിറ്റർ – വർഗ്ഗീസ് ചാക്കോ,**
**ന്യൂസ് എഡിറ്റർ – തോമസ് ജോൺ,**
**ഫിനാൻസ് എക്സിക്യൂട്ടീവ് – ഷോംബെ പുത്തൂരാൻ**
**പ്രൊമോഷണൽ കോ–ഒർഡിനേറ്റർ – റെജി മാത്യു**
**പബ്ലിഷർ – ടെൻസൻ ജോസഫ്.**

നിയമവും നമ്മളും

# പിൻകോഡ്



പിൻകോഡ് എന്നറിയപ്പെടുന്ന പോസ്റ്റൽ ഇൻഡക്സ് നമ്പർ പദ്ധതിക്ക് തുടക്കമിട്ടത് 1972 ആഗസ്റ്റ് 15ന് അന്നത്തെ കമ്പി-തപാൽ വകുപ്പാണ്. ഈ പദ്ധതിയനുസരിച്ച് ഓരോ ഹെഡ്പോസ്റ്റോഫീസിനും സബ് പോസ്റ്റോഫീസിനും ആറക്കമുള്ള നമ്പർ നൽകിയിരുന്നു. എന്നാൽ ബ്രാഞ്ച് പോസ്റ്റോഫീസിന്, പ്രത്യേകിച്ച് ഗ്രാമീണ മേഖലയിലുള്ളവക്ക്, അതാതിന്റെ അക്കൗണ്ട് ഓഫീസിന്റെ പിൻകോഡാണ് നൽകിയിരിക്കുന്നത്. രാജ്യത്തുടനീളം ആകെ 1,46,562 വിതരണ പോസ്റ്റോഫീസുകളുണ്ട്.



അനേകം ഭാഷകളും ലിപികളുമുള്ള ഇന്ത്യയെ പോലുള്ള ഒരു രാജ്യത്ത പിൻകോഡ് മെയിൽ തരം തിരിക്കുന്നതിനും കൃത്യമായി വിതരണം ചെയ്യുന്നതിനും സഹായിക്കുന്നു. നമ്മുടെ രാജ്യത്ത് ഒരേ പേരുള്ള അനേകം സ്ഥലങ്ങളിൽ പോസ്റ്റോഫീസുകളുണ്ട്. അതുപോലെതന്നെ, ഒരേ സ്ഥലം തന്നെ വിവിധ പോസ്റ്റോഫീസുകളുടെ വിതരണ പരിധിയിൽ വരുന്നുണ്ട്. കൂടാതെ ചില സ്ഥാപനങ്ങൾ മേൽവിലാസത്തിൽ ലക്ഷ്യസ്ഥാനത്തിനടുത്തുള്ള പ്രധാന സ്ഥലത്തിന്റെ പേര് ചേർക്കാറുണ്ട്. ഈ കാരണങ്ങളാൽ കത്തുകൾ തെറ്റായ ദിശയിൽ അയയ്ക്കപ്പെടുവാനും പരിണിത ഫലമായി വിതരണത്തിലുള്ള കാലതാമസത്തിനും കാരണമാകുന്നു.

മേൽവിലാസത്തിന്റെ അവസാനം പിൻകോഡ് ചേർക്കുന്നത് കത്തുകൾ തരംതിരിക്കുമ്പോൾ ശരിയായ ലക്ഷ്യസ്ഥാനം കണ്ടെത്തുന്നതിന് ഡിപ്പാർട്ടുമെന്റിനെ സഹായിക്കുന്നു. തന്മൂലം തെറ്റായി അയയ്ക്കുന്നതും വിതരണത്തിലുണ്ടാകുന്ന കാലതാമസവും ഒഴിവാക്കാൻ കഴിയുന്നു. താഴെ പറയുന്ന ഉദാഹരണങ്ങൾ ഇത് വ്യക്തമാക്കാൻ സഹായിക്കും.

A. ഒരേ പേരിലുള്ള പല സ്ഥലങ്ങൾ ഉണ്ടാകുമ്പോൾ

1. കുമാരനെല്ലൂർ
   - a. 679 552 (പാലക്കാട്)
   - b. 686 016 (കോട്ടയം)
   - c. 673 602 (കോഴിക്കോട്)
2. കാലടി
   - a. 683 574 (എറണാകുളം)
   - b. 679 582 (മലപ്പുറം)
3. കുമാരപുരം
   - a. 683 536 (എറണാകുളം)
   - b. 690 548 (ആലപ്പുഴ)

B. ഒരേ സ്ഥലം തന്നെ വിവിധ പോസ്റ്റോഫീസുകളുടെ വിതരണ പരിധിയിൽ വരുമ്പോൾ

കൊച്ചി എം.ജി. റോഡ് – വിതരണം നടത്തപ്പെടുന്നത്

- a. എറണാകുളം കോളേജ് പി.ഒ. (682 035)
- b. എറണാകുളം ഹെഡ്പോസ്റ്റോഫീസ് (682 011)
- c. എം.ജി. റോഡ് പി.ഒ.(682 016)
- d. പെരുമാനൂർ പി.ഒ.(682 015)

C. ലക്ഷ്യസ്ഥാനത്തിനടുത്തുള്ള പ്രമുഖ സ്ഥലത്തിന്റെ പേര് ചേർക്കുമ്പോൾ

1. സെന്റ് തോമസ് കോളേജ്, പാലാ (ഇത് യഥാർത്ഥത്തിൽ പാലാ (686 575)യുടെയല്ല, മറിച്ച് അരുണാപുരം പി.ഒ. (686 574)യുടെ വിതരണ മേഖലയിലാണ് വരുന്നത്)

2. ജില്ലാ കളക്ടർ കാര്യാലയം, എറണാകുളം-(ഇത് എറണാകുളം (682 011) ന്റെയല്ല, പകരം കാക്കനാട് പി.ഒ. (682 030)യുടെ വിതരണ മേഖലയ്ക്കുള്ളിലാണ് വരുന്നത്)

എപ്പോഴെങ്കിലും പിൻകോഡ് എഴുതാതെ വരികയോ, തെറ്റായി എഴുതുകയോ ചെയ്താൽ, ശരിയായ ലക്ഷ്യസ്ഥാനത്തെത്തുന്നതുവരെ ഉരുപ്പടി ഓരോരോ പോസ്റ്റോഫീസുകളിലേക്ക് മാറി മാറി അയയ്ക്കുവാൻ ഡിപ്പാർട്ടുമെന്റ് നിർബന്ധിതരാകുന്നു. ഒരേ സ്ഥലത്തുതന്നെ വിതരണം നടത്തുന്ന അനേകം പോസ്റ്റോഫീസുകൾ ഉള്ളതുകൊണ്ടും, ഒരേ സ്ഥലനാമത്തിലുള്ള പല പോസ്റ്റോഫീസുകൾ തമ്മിൽ സാമഗ്രികൾ അയയ്ക്കുന്നതിന് ദൂരകൂടുതൽ ഉള്ളതുകൊണ്ടും കത്തുകൾ ശരിയായ മേൽവിലാസത്തിൽ എത്തിക്കുവാൻ അനേകം ദിവസങ്ങൾ തന്നെ വേണ്ടി വന്നേക്കും. ഇത് മൂലം ഉപഭോക്താവിന് ഉരുപ്പടികൾ ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നു ഇത് ഡിപ്പാർട്ട്മെന്റിന് അമിതമായ ജോലിഭാരം സൃഷ്ടിക്കുകയും ലഭ്യമാക്കുന്ന സേവനങ്ങളുടെ കാര്യക്ഷമത കുറയ്ക്കുകയും ചെയ്യുന്നു.

പോസ്റ്റോഫീസിലും, തപാലുരുപ്പടികൾ തരംതിരിക്കുന്ന കേന്ദ്രത്തിലും (Sorting Office) കത്തുകൾ തരംതിരിക്കുന്ന അവസരത്തിൽ, മേൽവിലാസത്തിന്റെ അവസാനഭാഗത്ത് പിൻകോഡ് എഴുതുന്നത് ഉരുപ്പടികൾ കൃത്യമായും വേഗത്തിലും ലക്ഷ്യസ്ഥാനത്തെത്തിക്കാൻ സഹായിക്കുന്നു. കാരണം, സാധാരണയായി മേൽവിലാസത്തിന്റെ അവസാന ഭാഗം നോക്കിയാണ് ഉരുപ്പടികൾ തരംതിരിക്കപ്പെടുന്നത്.

മറ്റ് വികസിത രാജ്യങ്ങളിലും, മുംബൈ, ചെന്നൈ തുടങ്ങിയ വൻനഗരങ്ങളിലും സോർട്ടിംഗ് യന്ത്രങ്ങൾ ഉപയോഗിച്ചാണ് കത്തുകൾ തരംതിരിക്കുന്നത്. പിൻകോഡിന്റെ ഉപയോഗം ഈ പ്രക്രിയ വളരെ സുഗമമാക്കുന്നു. ഇന്ന്, തപാൽ ഉരുപ്പടിയുടെ മുഖ്യഭാഗവും ബിസിനസ്സ് ഉരുപ്പടികളാണ്. ധാരാളമായി കത്തിടപാടുകൾ നടത്തുന്ന ബിസിനസ്സ് ഉപഭോക്താക്കൾക്ക് ഡിപ്പാർട്ടുമെന്റ് പ്രത്യേകമായി പിൻകോഡുകൾ തെരഞ്ഞെടുത്ത് നൽകാൻ തുടങ്ങിയിരിക്കുന്നു. ഇതുമൂലം ഈ ഉപഭോക്താക്കൾക്കുള്ള കത്തുകൾ തപാലുരുപ്പടികൾ കൈകാര്യം ചെയ്യുന്ന കേന്ദ്രത്തിൽ നിന്നും നേരിട്ട് തരംതിരിക്കുന്നതിനും വേഗത്തിലുള്ള വിതരണത്തിനും കഴിയുന്നു.

സ്പീഡ് പോസ്റ്റ് പോലുള്ള സമയബന്ധിത സാമഗ്രികൾക്ക് പിൻകോഡ് ഒഴിച്ചുകൂടാൻ വയ്യാത്ത കാര്യമാണ് - അയയ്ക്കുന്ന ആളുടേയും ലഭിക്കേണ്ട ആളുടേയും പിൻകോഡുകൾ കത്തിനു പുറത്ത് കാണിക്കുന്നത് ഉപഭോക്താക്കൾക്ക് നല്ല സേവനം കാഴ്ച വയ്ക്കുവാൻ ഡിപ്പാർട്ടുമെന്റിനെ സഹായിക്കുന്നു.

### നിങ്ങളുടെ പിൻകോഡ് എങ്ങനെ അറിയാം?

ഏറ്റവും എളുപ്പമുള്ള വഴി നിങ്ങളുടെ താമസസ്ഥലത്തിനടുത്തുള്ള പോസ്റ്റോഫീസിൽ നിന്നും വിതരണത്തിനെത്തുന്ന പോസ്റ്റുമാനോട് ചോദിക്കുക എന്നതാണ്. അല്ലെങ്കിൽ ഏറ്റവും അടുത്ത പോസ്റ്റോഫീസിൽ അന്വേഷിക്കുകയോ, അടുത്തുള്ള ഹെഡ്പോസ്റ്റോഫീസിൽ നിന്നും ഡിപ്പാർട്ട്മെന്റ് ഇറക്കിയിട്ടുള്ള പിൻകോഡ് ഡയറക്ടറിയോ, പിൻകോഡിനെ കുറിച്ചുള്ള സീഡിയോ വാങ്ങുക. അതല്ലെങ്കിൽ ഡിപ്പാർട്ടുമെന്റിന്റെ വെബ്സൈറ്റായ www.indiapost.gov.in സന്ദർശിക്കുക.

### പിൻകോഡ് എങ്ങനെ പ്രാവർത്തികമാകുന്നു?

പിൻകോഡിന്റെ അക്കങ്ങൾ ഇടത്തുനിന്നും വലത്തോട്ട് ക്രമാനുഗതമായി പോസ്റ്റോഫീസിന്റെ ഭൂമിശാസ്ത്രപരമായ സ്ഥാനം കൃത്യമായി കണ്ടെത്തുവാൻ സഹായിക്കുന്നു. ഇന്ത്യയുടെ പിൻകോഡ് മാപ്പിൽ കാണിച്ചിരിക്കുന്നതുപോലെ രാജ്യത്തെ മൊത്തം 8 മേഖലകളായി വിഭജിച്ചിരിക്കുന്നു. ആദ്യ അക്കം മേഖലയെ സൂചിപ്പിക്കുന്നു. ആദ്യത്തെ രണ്ടക്കങ്ങൾ തപാൽ സർക്കിളുകളെ (സംസ്ഥാനങ്ങളെ) സൂചിപ്പിക്കുന്നു. ആദ്യ മൂന്നക്കങ്ങൾ ഒരുമിച്ചെടുത്താൽ ഓഫീസിന്റെ സോർട്ടിംഗ് ജില്ലയെ സൂചിപ്പിക്കുന്നു. അവസാനത്തെ മൂന്നക്കങ്ങൾ സോർട്ടിംഗ് ജില്ലയിലെ നിർദ്ദിഷ്ട വിതരണ പോസ്റ്റോഫീസിനെ സൂചിപ്പിക്കുന്നു.

*കെ.കെ. ഡേവിസ്*
*Asst. Director of Postal Service (Mails)*

---

കുടുംബ വേദി

# വടി കൊണ്ടടിച്ചാൽ...



ഇതിങ്ങനെ വിട്ടാൽ ശരിയാകില്ല. ഡാഡി കോപം കൊണ്ടു വിറച്ചു. അച്ചടക്കരാഹിത്യം സഹിക്കാവുന്നതിലുമപ്പുറം. ഒറ്റവടി കൊണ്ട് തീർക്കും.......

നിമിഷങ്ങൾ കൊഴിഞ്ഞു പോയി അദ്ദേഹം ശാന്തനായി. എന്തിനായിരുന്നു ഇതെല്ലാം. ഓ- സാരമില്ല, ബൈബിളും ഇതു തന്നെയല്ലേ പറയുന്നത്. "വടി കൊണ്ടടിച്ചാൽ...." ഡാഡി സ്വയം ആശ്വസിക്കാൻ ശ്രമിച്ചു.

ഇത് പലപ്പോഴും പല മാതാപിതാക്കളും കടന്നുപോകുന്ന ഒരവസ്ഥയാണ്. ആവേശത്തിൽ വടിയെടുക്കും മുമ്പ് ഒന്ന് ചിന്തിക്കുക.

### 1. ശിക്ഷയുടെ ലക്ഷ്യമെന്ത്?

എനിക്കൊരസൗകര്യമോ ബുദ്ധിമുട്ടോ ഉണ്ടായതാണോ എന്നെ പ്രകോപിപ്പിച്ചത്! അതോ അവൻ വാസ്തവത്തിൽ അച്ചടക്ക ലംഘനം നടത്തിയോ? എന്റെ പ്രത്യേക ഇഷ്ടങ്ങൾ ലംഘിക്കപ്പെട്ടുവോ? അതോ ദൈവഹിതം ലംഘിക്കപ്പെട്ടുവോ?

ശിക്ഷാകാരണം ശരിയാണെങ്കിൽ അവൻ അനുതപിക്കും. തെറ്റാണെങ്കിൽ മറുതലിക്കും.

### 2. ആദ്യം നമ്മെ പരിശോധിക്കുക

നാം മക്കളെ കോപിപ്പിച്ചുവോ? (കോപിക്കാതെ........) തെറ്റ് ചെയ്യാതിരിക്കാൻ പഠിപ്പിച്ചില്ലയോ? ആവശ്യത്തിലധികം സ്വാതന്ത്ര്യം കൊടുത്തുവോ? ("നിന്റെ കണ്ണിലെ കോൽ ......... മത്തായി 1:5)

### 3. ശരിയായ സമയവും സ്ഥലവും തിരഞ്ഞെടുക്കുക

നിങ്ങളുടെ മക്കളെ അപമാനിക്കരുത്. കൂട്ടുകാരുടെ മുമ്പിൽ വെച്ചോ പരസ്യമായോ അവരെ ശിക്ഷിക്കരുത്. അങ്ങനെ ചെയ്താൽ അവരുടെ ശ്രദ്ധ തെറ്റിൽ നിന്നും, മറ്റുള്ളവരുടെ മുമ്പിൽ വച്ചുണ്ടായ അപമാനത്തിലേക്ക് തിരിയുകയും, അനുതാപമുണ്ടാകാതിരിക്കുകയും ചെയ്യാം. അത്യാവശ്യമായി വന്നാൽ ഒരു മുറിയിലേക്ക് മാറ്റി നിർത്തി ശിക്ഷിക്കാം. (മത്തായി 18:15)

### 4. ശരിയായ വാക്ക്, ശരിയായ ശബ്ദത്തിൽ ഉപയോഗിക്കുക

ശാന്തതയോടെ ശരിയായ വാക്കുകൾ മാത്രം ശരിയായ ശബ്ദത്തിൽ ഉപയോഗിക്കുക. അരുതാത്ത കോപവാക്കുകൾ ഒഴിവാക്കി മാതൃകയാക്കുക. "കോപിച്ചാൽ പാപം ചെയ്യരുത്. നമ്മുടെ ദേഷ്യം തീർക്കാനായി കുഞ്ഞുങ്ങളെ ശിക്ഷിക്കരുത്".

### 5. ശരിയായ വഴി കാണിച്ചു കൊടുക്കുക

തെറ്റും ശരിയും തിരിച്ചറിയുവാൻ വചനാനുസൃതമായ മാർഗ്ഗങ്ങളും, മാതൃകകളും ഉപയോഗിക്കുക. തത്വാധിഷ്ഠമായി വളരുവാൻ അനുയോജ്യമായ സാഹചര്യങ്ങൾ ഒരുക്കുക. കോപശമനത്തിനല്ല ദൈവഹിതത്തിൽ വളരുവാനായി ശിക്ഷിക്കുക.

*– റ്റിജെ, തിരുവനന്തപുരം*

---

## വിവാഹവേദി

അനേക യുവതീയുവാക്കൾക്ക് അനുയോജ്യരായ പങ്കാളികളെ കണ്ടെത്താൻ അവരുടെ മാതാപിതാക്കളേയും ബന്ധുക്കളേയും സഹായിക്കാ നുള്ള ഒരു സൗജന്യ ശുശ്രൂഷയാണ് – 'വിവാഹവേദി'. വിവാഹം ദൈവഹിത പ്രകാരം നടക്കണം. ഭൗതീക താൽപര്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന പരസ്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതല്ല. **റിന്യൂവൽ വരിക്കാരുടെ പരസ്യങ്ങളേ സൗജന്യമായി പ്രസിദ്ധീകരിക്കുകയുള്ളു. അല്ലാത്തവയ്ക്ക് ന്യൂസ് എഡിറ്ററുമായി ബന്ധപ്പെടുക.** പരസ്യങ്ങൾ തരുന്നവർ പേരും മേൽവിലാസവും അറിയിക്കണം.

**WANTED BRIDE GROOM**

**RM No : 871 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 25 വയസ്സ് 5’4” ഉയരം. SSLC.

**RM No : 872 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 26 വയസ്സ് 5’5” ഉയരം. അമേരിക്കയിൽ വിദ്യാർത്ഥി.

**RM No : 873 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 23 വയസ്സ് 5’3’ ഉയരം. B.Tech. ലക്ച്ചറർ.

**RM No : 874 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 26 വയസ്സ് 5’2” ഉയരം. B.Sc. Nurse. ബാംഗ്ലൂരിൽ ജോലി.

**RM No : 875 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി. 24 വയസ്സ് 5’3” ഉയരം. ജനറൽ നേഴ്സ്, ബാംഗ്ലൂരിൽ ജോലി.

**RM No : 876 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 36 വയസ്സ് 5’9” ഉയരം. B.Sc. B.E. Computer Science. ഗൾഫിൽ ജോലി.

**WANTED BRIDE**

**RM No : 877 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 38 വയസ്സ് 6’ ഉയരം. MBBS.

**RM No : 878 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 29 വയസ്സ് 5’9” ഉയരം. GNM ഗൾഫിൽ ജോലി.

**RM No : 879 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 27 വയസ്സ് 5’11” ഉയരം. B.A., IATA. ഗൾഫിൽ ജോലി.

**RM No : 880 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 29 വയസ്സ് 5’6” ഉയരം. B.Tech. ചെന്നൈയിൽ ജോലി.

**RM No : 881 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 28 വയസ്സ് 5’8” ഉയരം. Pharmacist. ഓസ്ട്രേലിയയിൽ ജോലി.

**RM No : 882 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 28 വയസ്സ് 5’4” ഉയരം. അപ്പോൾസ്റ്ററി വർക്കർ.

**RM No : 883 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 26 വയസ്സ് 5’9” ഉയരം. Health Information Management. അമേരിക്കയിൽ ജോലി.

**RM No : 884 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 30 വയസ്സ് 6’ ഉയരം. ഗൾഫിൽ സ്വന്തമായി ബിസിനസ്സ്. അവധിക്ക് നാട്ടിൽ വന്നിരിക്കുന്നു.

**RM No : 885 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 27 വയസ്സ് 5’9”ഉയരം. MSW.വടക്കെ ഇന്ത്യയിൽNGO Project Manager.

വിവാഹ വേദിയിലെ അന്വേഷണങ്ങൾ ബന്ധപ്പെട്ടവർക്ക് എത്തിക്കുന്നതാണ്. തുടർന്നുള്ള കാര്യങ്ങൾക്ക് നേരിട്ടേർപ്പെടുക. വിവാഹ വേദിയിലെ അന്വേഷണങ്ങൾക്ക് പകൽ 10 മുതൽ 5 വരെ **0484 2432896** എന്ന നമ്പറിൽ ബന്ധപ്പെടുക.


**ചൈൽഡ് ഇവാൻജലിസം ക്യാപ്സ്യൂൾ ട്രെയിനിംഗ് പ്രോഗ്രാം**

ജീവിത ദർശനത്തെ രൂപാന്തരപ്പെടുത്തുന്ന ത്രിദിന പരിശീലന പരിപാടി.
2009 ഫെബ്രുവരി 21,22,23 തീയതികളിൽ ചുമത്ര ബ്രദ്റൻ സഭാ ഹാൾ, തിരുവല്ല.

**ആർക്കൊക്കെ പങ്കെടുക്കാം** →
കുഞ്ഞുങ്ങളുടെ ഇടയിലെ സുവിശേഷ വേലയിൽ തൽപരരായ വിശ്വാസികളായ
മാതാപിതാക്കൾ, സണ്ടേസ്കൂൾ അദ്ധ്യാപകർ, സുവിശേഷ പ്രവർത്തകർ.........
വി.ബി.എസ്, ചിൽഡ്രൻസ് ക്ലബ് തുടങ്ങിയ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ
താൽപര്യപ്പെടുന്ന സഹോദരീ സഹോദരന്മാർ.................

**• വർക്ക് ഷോപ്പുകൾ • മാതൃകാ ക്ലാസ്സുകൾ • പപ്പറ്റ് ഷോ**

**അന്തർദ്ദേശിയ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശീലനം നേടിയവരും ഇന്ത്യയിലും വിദേശ രാജ്യങ്ങളിലും പരിശീലനം നൽകുന്നവരുമായ സഹോദരന്മാർ നേതൃത്വം നൽകുന്നു.**

എത്രയും വേഗം രജിസ്റ്റർ ചെയ്യുക, താമസ സൗകര്യം ലഭ്യമാണ്.

ADVT



പ്രാദേശിക ബ്രദ്റൻ സഭകളുടെ ചരിത്രത്തിലാദ്യം 1994ൽ വി.ബി.എസ് സിലബസ്സ് പ്രസിദ്ധീകരിച്ചു ചൈൽഡ് ഇവാൻജലിസം മിനിസ്ട്രിയുടെ

**5 DAY VBS**

പുതിയ സുവിശേഷ മേഖലയിലേക്ക് സൗജന്യനിരക്കിൽ

**അവധിക്കാലം കുട്ടികൾക്ക് ആഘോഷിക്കുവാൻ**

- ❖ പുത്തൻ പാട്ടുകൾ ❖ പുത്തൻ കഥകൾ
- ❖ പുത്തൻ ഗെയിംസ് ❖ എല്ലാം പുതിയത്

സഭകളായും വ്യക്തികളായും വി.ബി.എസ് സ്പോൺസർ ചെയ്യുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ വിലാസം.
**CEM**, PO Box-4, Kuttapuzha, Tiruvalla 689103, Tel. 0469-2601532, 2701165, 9447360417, 9496264838, 9947451375

ADVT

## ശാലോം ഗോസ്പൽ ഔട്ട്റിച്ച് – നെന്മാറ & ആലത്തൂർ

പാലക്കാട് ജില്ല സുവിശേഷീകരണത്തിന്റെ ഭാഗമായി നെന്മാറയിലും സമീപ പ്രദേശങ്ങളായ കരിമ്പാറ, പോത്തുണ്ടി എന്നീ സ്ഥലങ്ങളിലെ പ്രവർത്തനങ്ങൾ ദൈവ കൃപയാൽ വളരെ അനുഗ്രഹമായി മുന്നോട്ട് പോകുന്നു. ചിൽഡ്രൻസ് ക്ലബും, ബൈബിൾ ക്ലാസ്സും നടന്നുവരുന്നു.

2009 ജനുവരി 20 മുതൽ മെയ് 15 വരെ നെന്മാറയിലും, സമീപ പ്രദേശങ്ങളിലും ആലത്തൂർ പട്ടണത്തിലും, നെല്ലിയാമ്പതിയിലും പരസ്യ യോഗങ്ങൾ ഭവന സന്ദർശനങ്ങൾ, രാത്രി യോഗങ്ങൾ എന്നിവയും ഏപ്രിൽ, മെയ് മാസങ്ങളിൽ പാലക്കാട് ജില്ലയുടെ വിവിധ സ്ഥലങ്ങളിൽ വി.ബി.എസും നടത്തുവാൻ ക്രമീകരണങ്ങൾ ചെയ്തു വരുന്നു. C.P. Jophy, Brethren Gospel Home, Chettikulambu - Karimpara, Kairady P.O., Palakkad - 678510.

## അഭ്യർത്ഥന

തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽ വരുന്ന നടത്തറ എന്ന സ്ഥ ലത്ത് കൂടി വരവ് ആരംഭിച്ചിട്ട് 18 വർഷമായി. അവിശ്വാസികളായ കുട്ടികൾക്കു വേണ്ടി ചിൽഡ്രൻസ് ക്ലബ്ബ്, ബൈബിൾ ക്ലാസ്, പ്രാർത്ഥനായോഗങ്ങൾ ഇവ ആഴ്ച്ചതോറും ഇടദിവസങ്ങളിൽ നടന്നു കൊണ്ടിരിക്കുന്നു. സഭാ കൂടി വരവിനു വേണ്ടി S.A.I.യുടെ പേരിൽ വാങ്ങിയ 7 സെന്റ് ഭൂമിയിൽ നിലനിന്നിരുന്ന പുരയുടെ ഇട ചുവരുകൾ ഇളക്കി മാറ്റിയാണ് സഭാഹാളായി നാളിതുവരെ ഉപയോഗിച്ചു വരുന്നത്. കാലപഴക്കം കൊണ്ട് മൺഭിത്തികൾ ദുർബ്ബലമായതിനാൽ പുതുക്കി പണിയേണ്ട അവസ്ഥയിലാണ്. പുതിയ കെട്ടിടത്തിന് ഏകദേശം 5 ലക്ഷം രൂപ ചിലവു പ്രതീക്ഷിക്കുന്നു. ഈ ആവശ്യത്തിലേക്ക് സഭയുടെ പേരിൽ ഒ.എസ്. അനിൽകുമാർ, കെ.എസ്സ്. സണ്ണി എന്നിവർ ഇടപാടുകൾ കൈകാര്യം ചെയ്യത്തക്കവിധത്തിൽ മണ്ണുത്തി കാനറാ ബാങ്കിൽ ജോയിന്റ് അക്കൗണ്ട് തുറന്നിട്ടുണ്ട്. അക്കൗണ്ട് നമ്പർ – A/c. No. 1628, Canara Bank, Mannuthy. ചെക്ക്, ഡ്രാഫ്റ്റ് എന്നിവ അയക്കുന്നവർ Brethren Church എന്ന പേരിൽ എടുത്ത് താഴെ കാണുന്ന വിലാസത്തിൽ അയക്കുക.O.S. Anilkumar, Friends Nagar, Bye Pass Road, Nadathara, Thrissur, Kerala, India - 680751. – ജിംസൺ കെ.ആർ., എ.എം. സാമുവേൽ.

## നിലമ്പൂർ സഭ

മലപ്പുറം ജില്ലയിലെ പ്രധാനകുടിയേറ്റ കേന്ദ്രമായ നിലമ്പൂർ കേന്ദ്രീകരിച്ചു നമ്മുടേതായ സുവിശേഷ പ്രവർത്തനങ്ങൾ ഒന്നും ഇല്ലാതെയിരുന്നപ്പോൾ 1996ൽ സുവിശേഷകൻ വർഗ്ഗീസ് ഫിലിപ്പോസ് കുടുംബമായി താമസിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചു. 1997ൽ നിലമ്പൂരിൽ സഭാകൂടിവരവ് ആരംഭിച്ചു. നിലമ്പൂരിന്റെ കിഴക്കൻ മേഖലയായ കരുവാരകുണ്ടു, കാളികാവ്, തുവ്വൂർ തുടങ്ങിയ സ്ഥലങ്ങളിൽ മറ്റ് സുവിശേഷകന്മാരും ചേർന്ന് സ്ഥിരമായി ഭവനസന്ദർശനങ്ങൾ, പരസ്യ യോഗങ്ങൾ എന്നിവ ചെയ്തു വരുന്നു. നിലമ്പൂരിലെ സഭാകൂടിവരവ് കഴിഞ്ഞ 11 വർഷമായി വീടുകളിലാണ് നടന്നു വരുന്നത്. ഒരു സഭാഹാൾ ഉണ്ടാകേണ്ടതിനു ഞങ്ങൾ പ്രാർത്ഥിച്ചു വരികയായിരുന്നു. അനേക ദൈവമക്കളുടെ പ്രാർത്ഥനയുടെയും കൂട്ടായ്മയുടെയും ഫലമായി നിലമ്പൂർ റെയിൽവേ സ്റ്റേഷനു സമീപത്ത് 15 സെന്റ് സ്ഥലവും ഒരു പുതിയ കെട്ടിടവും കൂടി സ്റ്റ്യൂവാഡ് അസോസിയേഷന്റെ പേരിൽ വാങ്ങി.

## നമുക്കു ചുറ്റും

കെട്ടിടത്തിനാവശ്യമായ അറ്റകുറ്റ പണികൾ പൂർത്തീകരിച്ചു. 2009 ജനുവരി 10നു ശനിയാഴ്ച സഭാഹാളിന്റെ സ്തോത്ര ശുശ്രൂഷ നടന്നു. ഇവിടെയുള്ള സഭാ കൂടിവരവിനെയും സുവിശേഷ പ്രവർത്തനങ്ങളെയും ദൈവജനം തുടർന്നും പ്രാർത്ഥനയിൽ ഓർക്കുവാൻ അപേക്ഷിക്കുന്നു. സഭയ്ക്കു വേണ്ടി, വർഗ്ഗീസ് ഫിലിപ്പോസ്, എം.കെ. സ്റ്റീഫൻ.

## ഗോവ മേഴ്സി ഹോം

1990 മുതൽ സഹോദരൻ ജോസഫ് ചാക്കോ കുടുംബമായി വടക്കൻ ഗോവയിലെ അസ്സോനോറ എന്ന സ്ഥലത്ത് പ്രവർത്തിക്കുന്നു. 2004ൽ മേഴ്സി ഹോം പ്രവർത്തനമാരംഭിച്ചു. വടക്കേ ഇന്ത്യയിലെ സുവിശേഷകന്മാരിൽ മക്കളെ പഠിപ്പിക്കാൻ ബുദ്ധിമുട്ടുന്നവർക്കായുള്ളതാണിത്. ഇപ്പോൾ 5 ആൺകുട്ടികളും ഒരു പെൺകുട്ടിയുമുണ്ട്. കുട്ടികളെ ഇംഗ്ലീഷ് മീഡിയം സ്കൂളിലാണ് പഠിപ്പിക്കുന്നത്. കുട്ടികളെ താമസിപ്പിക്കാനായി പ്രത്യേകമായി ഇപ്പോൾ താമസിക്കുന്നതിന്റെ മുകളിൽ ഒരു നില പണിയുവാൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. സഹോദരി ജസ്സി 2001ൽ ബ്രെയിൻ സർജറിയെ തുടർന്ന് തുടർച്ചയായി പരിശോധനയ്ക്ക് വെല്ലൂരിൽ പോയിക്കൊണ്ടിരിക്കുന്നു.
Joseph Chacko, 517/4, Grace Mercy Home, Maloya Waddo, Assonora P.O., Bardez - Goa 403503,
Tel : 0832 2215131.

## ആനപ്പാറ സഭ

സഭയ്ക്കുള്ള കത്തുകൾ അയക്കേണ്ട വിലാസം :– സുവി. ബിനു എം. നൈനാൻ, ആനപ്പാറ ബ്രദ്റൻ അസംബ്ലി, വയ്യാറ്റുപുഴ പി.ഒ., ചിറ്റാർ, പത്തനംതിട്ട ജില്ല – 689663.

## മഞ്ഞാലുംമൂട് കൺവൻഷൻ

ഡിസംബർ 26 മുതൽ 28 വരെ. തെറ്റിവിള ബ്രദ്റൻ ഹാളിനു സമീപം.

## വാളകം

ജനുവരി 14 മുതൽ 18 വരെ. വാളകം കവലയ്ക്കു സമീപം.

## ബൊക്കാറോ

സുവി. കെ. ഗോപാലകൃഷ്ണൻ കഴുത്തിന് ഓപ്പറേഷന് വിധേയനായി. സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## മൈനാഗപ്പള്ളി

രെഹബോത്ത് തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് സുവിശേഷ ക്യാമ്പും കൺവൻഷനും ഡിസം. 26–28 വരെ സഭാ ഹാളിൽ നടക്കുന്നു.

## ഏകദിന സമ്മേളനം

അമരവിള സഭാഹാളിൽ ഡിസംബർ 27 ശനി.

## വായനക്കാരുടെ ശ്രദ്ധയ്ക്ക്

റിന്യൂവൽ ഒരു ശുശ്രൂഷയാണ്. ഇതിന്റെ സാമ്പത്തീക ആവശ്യങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കുക. നിങ്ങളുടെ കൈയ്യിൽ ഒരു വർഷം റിന്യൂവൽ എത്തിക്കുവാൻ 50 രൂപ ചിലവു വരും. നിങ്ങളുടെ വരിസംഖ്യ കാലാവധി തീരുന്നത് റിന്യൂവലിന്റെ റാപ്പറിൽ നോക്കിയാൽ അറിയാം. ഉദാ. റാപ്പറിൽ അഡ്രസ്സിന്റെ വലതു ഭാഗത്ത് S08DEC എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ 2008 ഡിസംബറിൽ നിങ്ങളുടെ വരിസംഖ്യ പുതുക്കണമെന്നാണ്. നിങ്ങളുടെ പ്രാപ്തി പോലെ ഈ ശുശ്രൂഷയിൽ സഹകരിക്കുക.

## പോൾ തിമോത്തി ഇൻസ്റ്റിറ്റ്യൂട്ട് ശിഷ്യത്വ പരിശീലനം

10 ദിവസത്തെ തീവ്രപരിശീലന പരിപാടി, വലിയ നിയോഗത്തിൽ താൽപ്പര്യമുള്ള ആർക്കും പങ്കെടുക്കാം. യുവതീയുവാക്കൾക്കു മുൻഗണന. ഇപ്പോൾ മിഷൻ ഫീൽഡിലുള്ളവർക്കു ദർശനം പുതുക്കാനും, ബാറ്ററി ചാർജ് ചെയ്യാനുമുള്ള ഇടവേള. താമസസൗകര്യം ലഭ്യമാണ്. ആത്മീക ദർശനം, കുടുംബജീവിതം, സഭാപരിപാലനം, വിശ്വാസജീവിതം, അടിസ്ഥാന ഉപദേശ സത്യങ്ങൾ, കാര്യവിചാരകത്വം, ഫലപ്രദമായ മിഷൻ പ്രവർത്തനങ്ങൾ, ആശയവിനിമയം, കുട്ടികൾ, യുവജനങ്ങൾ ഇവരുടെ ഇടയിലെ പ്രവർത്തനങ്ങൾ, ശക്തമായ പ്രാർത്ഥനാജീവിതം തുടങ്ങിയ വിഷയങ്ങളെപ്പറ്റിയുള്ള ക്ലാസുകൾ. ഒരു ദിവസം മിഷൻ ടൂർ. ദൈവം വളരെ ഉപയോഗിക്കുന്ന ദൈവദാസന്മാരുടെ അനുഭവങ്ങ ളും കേൾക്കാം. ഓരോ ബാച്ചിലും 15 പേർക്കു പ്രവേശനം. കൂടുതൽ പേരുണ്ടെങ്കിൽ അടുത്ത ബാച്ച്! അവധിക്ക് നാട്ടിൽ വരുന്നവർക്ക് പ്രത്യേക ബാച്ച്. (കേരളത്തിന് പുറത്ത് നിന്ന് 15 പേരുണ്ടെങ്കിൽ അവരുടെ ഭാഷയിൽ തർജ്ജമ ചെയ്യുന്നതാണ്.) അടുത്ത ബാച്ച് മെയ് 20 മുതൽ 29 വരെ (തിരുവല്ലാ ചുമത്ര ബ്രദ്റൻ സഭയുടെ സഹകരണത്തിൽ) കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും:- Paul Timothy Institute, Chumathra PO, Thiruvalla 689103, Tel:0469-2601532 Mob: 9447360417, 9947451375 email : tmtvla@gmail.com.

കെ. തോമസ് മാത്യു,
ബെഞ്ചമിൻ ജോസഫ്

## പ്രയർ കലണ്ടർ

**പ്രാർത്ഥനാ ചങ്ങലയിൽ ചേർന്നവർക്ക് മാത്രം അല്ല, എല്ലാ ദിവസവും നിശ്ചിത സമയം ദൈവസന്നിധിയിൽ ചെലവഴിക്കാൻ താൽപര്യമുള്ള എല്ലാവർക്കും വേണ്ടിയാണ് ഈ കലണ്ടർ. റിന്യൂവലിന്റെ മറ്റു പേജുകളിലും ധാരാളം പ്രാർത്ഥനാ വിഷയങ്ങൾ ഉണ്ട്. നാം പതിവായി പ്രാർത്ഥിക്കുന്ന ആളുകളുടേയും വിഷയങ്ങളുടെയും ലിസ്റ്റുണ്ടാക്കുന്നത് എത്രയും നല്ലതാണ്. നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ എഴുതുക. പ്രയർ കലണ്ടർ C/o റിന്യൂവൽ, പി. ബി. 46, തിരുവല്ല 689 101.**

| | |
|---|---|
| **ഞായർ**<br>സ്ഥലം സഭയ്ക്കു വേണ്ടി | സ്ഥലം സഭയ്ക്കുവേണ്ടി. സ്ഥലം സഭകളുടെ ഉണർവിനായി പ്രാർത്ഥിക്കുക. സഭാംഗങ്ങളുടെ ലിസ്റ്റ് ഇല്ലെങ്കിൽ നിങ്ങളുടെ ഉപയോഗത്തിനായെങ്കിലും എഴുതി തയ്യാറാക്കുക. കുട്ടികൾ ഉൾപ്പടെ എല്ലാവരുടെയും പേരു പറഞ്ഞ് പ്രാർത്ഥിക്കുക. മൂപ്പൻമാർ, ശുശ്രൂഷകന്മാർ, സുവിശേഷകന്മാർ തുടങ്ങിയവർ ദൈവത്തിന്റെ വിളിയും കൃപാവരങ്ങളും മനസ്സിലാക്കാൻ. ഇത്തരത്തിൽ ആത്മീക നേതൃത്വമില്ലെങ്കിൽ ദൈവം അങ്ങനെയുള്ളവരെ വിളിച്ച് ശുശ്രൂഷയ്ക്കാക്കുവാൻ. സഭയിൽ നിന്നും സുവിശേഷവേലയ്ക്കായി ആരും പോയിട്ടില്ലെങ്കിൽ കർത്താവ് വേലക്കാരെ വിളിക്കുവാൻ പ്രാർത്ഥിക്കുക. അവരുടെ ആവശ്യങ്ങൾക്കായി പ്രാർത്ഥിക്കുക മാത്രമല്ല മാസം തോറും നമ്മുടെ പ്രാപ്തിയനുരിച്ചും സഭയായും സാമ്പത്തി കൂട്ടായ്മയും അയക്കുക. ഓരോ മീറ്റിംഗിനായും പ്രാർത്ഥനയോടെ കടന്നു പോകുകയും നിങ്ങളുടെ ചുമതലകൾ കൃപാവരങ്ങൾ മനസ്സിലാക്കി നിർവഹിക്കുകയും ചെയ്താൽ ഇന്നത്തെ നിലയ്ക്കു വലിയ വ്യത്യാസം വരും. രക്ഷിക്കപ്പെടാത്തവർ, പിൻമാറ്റക്കാർ ഇവരെ നേരിൽ കാണുകയും സംസാരിക്കുകയും വേണം. സഭ ഉണർത്തപ്പെടണമെങ്കിൽ ആദ്യം നാമോരോരുത്തരും ഉണർത്തപ്പെടണം ആദ്യം അതിനായി പ്രാർത്ഥിക്കുക. ഞയറാഴ്ച്ചകളിൽ കൂടുതൽ പേർ സ്തോത്രം ചെയ്യാൻ. |
| **തിങ്കൾ**<br>അധികാര സ്ഥാനങ്ങളിലുള്ളവർക്ക് വേണ്ടി | നമ്മുടെ ഭരണാധികാരികളെയും രാഷ്ട്രീയ നേതാക്കൻമാരെയും ഓർത്ത് പതിവായി പ്രാർത്ഥിക്കുക. പ്രസിഡണ്ട് പ്രതിഭ പാട്ടിൽ, വൈസ് പ്രസിഡണ്ട് ഹമീദ് അൻസാരി, പ്രധാനമന്ത്രി ഡോ. മൻമോഹൻസിംഗ് തുടങ്ങിയവരെയും മന്ത്രിമാരുടെയും സംസ്ഥാന ഗവർണർമാർ, മുഖ്യമന്ത്രിമാർ, മന്ത്രിമാർ, ന്യായാധിപൻമാർ, എം.പി.മാർ, എം.എൽ.എ മാർ, പഞ്ചായത്ത്, മുനിസിപ്പൽ, വാർഡ് അംഗങ്ങൾ, ഉദ്യോഗസ്ഥന്മാർ ഇവർക്കായി പേർ പറഞ്ഞ് (കുറഞ്ഞപക്ഷം നിങ്ങളുടെ സ്ഥലത്തുള്ളവരെ) തെരെഞ്ഞെടുപ്പു കഴിഞ്ഞ ഡൽഹി, രാജസ്ഥാൻ, ചത്തീസ്ഗഡ്, മദ്ധ്യപ്രദേശ് ഇവിടങ്ങളിലെ പുതിയ മുഖ്യമന്ത്രിമാർ, മന്ത്രിമാർ, എം.എൽ.എ മാർ ഇവരുടെ പേരുകൾ പത്രങ്ങളിൽ നിന്ന് ശേഖരിച്ച് ലിസ്റ്റുണ്ടാക്കി പ്രാർത്ഥിക്കുക. ഇക്കാര്യം ഗൗരവപൂർവ്വം ചെയ്താൽ വലിയ മാറ്റങ്ങൾ ഉണ്ടാകും. രാഷ്ട്രീയ നേതാക്കളായ ശ്രീമതി സോണിയാ ഗാന്ധി, ശ്രീ. എൽ.കെ.അദ്ധ്വാനി, ശ്രീ. രാജ്നാഥ്സിംഗ്, ശ്രീ പ്രകാശ് കാരാട്ട് തുടങ്ങിയവർക്കായും പതിവായി പ്രാർത്ഥിക്കുക. സുവിശേഷ സ്വാതന്ത്ര്യം നിലനിൽക്കാൻ നാം പ്രാർത്ഥിച്ചേ മതിയാകൂ. അവർ രക്ഷിക്കപ്പെടാൻ. |
| **ചൊവ്വ**<br>രക്ഷിക്കപ്പെടാത്തവർക്കു വേണ്ടി | നിങ്ങളുടെ അയൽപക്കത്തും അനുദിനം കണ്ടുമുട്ടുന്ന അനേകരെയും ഓർത്ത് പ്രാർത്ഥിക്കാം. സാധനങ്ങൾ പതിവായി വാങ്ങുന്ന കടയിലെ ആൾക്കാർ, പത്രം, പാൽ വിതരണക്കാർ, ബസ് ഡ്രൈവർമാർ, കണ്ടക്ടർമാർ, പെട്രോൾ ബങ്കിലെ ജീവനക്കാർ തുടങ്ങിയ എത്രയോ പേർക്കായി പ്രാർത്ഥിക്കാൻ കഴിയും. ദിനപത്രങ്ങൾ വായിക്കുന്നവർക്ക് തീവ്രവാദി പ്രവർത്തനങ്ങൾ, അക്രമങ്ങൾ ഇവയിലേർപ്പെടുന്ന പലരുടെയും പേരുകൾ കാണാൻ കഴിയും. നമ്മുടെ പ്രാർത്ഥ മൂലം അവർ സുവിശേഷം കേൾക്കാനും കർത്താവിനെ അറിയുവാനും ഇടയായാൽ! നമ്മുടെ ബന്ധുക്കളായവർ രക്ഷിക്കപ്പെടാത്തവരുണ്ടെങ്കിൽ അവർക്കായി പ്രാർത്ഥിക്കുകയും കണ്ട് സുവിശേഷം പങ്കുവയ്ക്കുകയും ചെയ്യണം. ഒരുമിച്ചു പഠിക്കുന്നവർ, ജോലി ചെയ്യുന്നവർ ഇവർക്കായും. ഇപ്രകാരം പ്രാർത്ഥിക്കുമ്പോഴാണ് അവർക്കായി എന്തെങ്കിലും ചെയ്യണമെന്ന ഭാരം ഉണ്ടാകുന്നത്. |
| **ബുധൻ**<br>സൗഖ്യമില്ലാത്തവർക്ക് വേണ്ടി | നാം പ്രാർത്ഥിച്ച അനേകർക്ക് ആശ്വാസം ലഭിക്കുകയും പലരും പൂർണ്ണസൗഖ്യം ലഭിക്കയും ചെയ്തതോർത്ത് സ്തോത്രം ചെയ്യാം. കെ.ഇ. എബ്രഹാം (യു.എസ്.എ), സുവി. പീറ്റർ ഫിലിപ്പ്, എ. ആർ. പീറ്റർ (പാലക്കാട്), പി.പി. വർഗ്ഗീസ് (വാളകം), സുവി. ലിയോ പോൾ (ഇരിങ്ങാലക്കുട), ജോർജ്ജ്കുട്ടി ലൂക്കോസ് (പുനലൂർ), ചെറിയാൻ ചാക്കോ (റാന്നി), കെ. ജയഭാരതി (ഹൈദ്രാബാദ്), സിൽവിയ, സാംകുട്ടി ഫീലിപ്പോസ് (യു.എസ്.എ), എം. എ. ജോസ് (തൃശൂർ), കെ. ഗോപാലകൃഷ്ണൻ (ബോക്കാറോ), ബേബി ജോൺ (തൃശൂർ). പ്രത്യേക അസുഖങ്ങളാൽ ഭാരപ്പെടുന്ന കുഞ്ഞുങ്ങൾക്കായി – സ്റ്റെവിൻ പത്തനാപുരം, ഹന്നാ റാന്നി, മെർലിൻ മേപ്രാൽ, സുവി. വൈ.തങ്കച്ചൻ (രാജസ്ഥാൻ) ഹൃദയ സംബന്ധമായ രോഗത്താൽ ക്ലേശിക്കുന്നു. രോഗികളെ ശുശ്രൂഷിക്കുന്നവർ കൃപയോടെ അതു ചെയ്യുവാൻ. വാർദ്ധക്യത്തിലും രോഗത്തിലുമായവരുടെ വീടുകളിലും ആശുപത്രികളിലും സന്ദർശിച്ച് ആശ്വസിപ്പിക്കുക. വചനത്താൽ ധൈര്യപ്പെടുത്തുക. |
| **വ്യാഴം**<br>സുവിശേഷ പ്രവർത്തകർ, പ്രവർത്തനങ്ങൾ | സുവിശേഷ പ്രവർത്തനങ്ങൾ, പ്രവർത്തകർ, സുവിശേഷ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന സംഘടനകൾക്കു വേണ്ടിയും സുവിശേഷകന്മാർക്കും കുടുംബാംഗങ്ങൾക്കായും പേരു പറഞ്ഞ് പ്രാർത്ഥിക്കുക. പ്രയർ ഹാൻഡ് ബുക്കിലുള്ളവരെ കുറഞ്ഞതു രണ്ടു പേരെയെങ്കിലും രാവിലെയും വൈകിട്ടും കുടുംബ പ്രാർത്ഥനയിൽ ഓർത്താൽ കുട്ടികൾക്കും അത് പ്രചോദനം നൽകും. സഭാ ഹോളുകൾക്കായി മലപ്പുറം ജില്ലയിൽ നിലമ്പൂരിൽ, അട്ടപ്പാടിയിലെ കള്ളമല, ചത്തീസ്ഗഡിലെ റായ്ഗഡ്, ബാലോദ് എന്നിവിടങ്ങളിൽ എത്രയും വേഗം. ഇക്കാര്യത്തിൽ പ്രാർത്ഥിക്കാൻ മാത്രമല്ല സഹകരിക്കാനും കഴിയുമല്ലോ. പല സംസ്ഥാനങ്ങളിലെയും സുവിശേഷകന്മാർക്ക് ഉപദ്രവങ്ങളും ഭീഷണികളും വർദ്ധിക്കുന്നു. ഒറീസ, കർണ്ണാടക, ഗുജറാത്ത് എന്നിവിടങ്ങളിലുള്ളവർക്ക് വേണ്ടി. ഒറീസ്സയിൽ നീതി നടത്തിക്കിട്ടുവാൻ പ്രത്യേകിച്ച്. |
| **വെള്ളി**<br>ലോക രാജ്യങ്ങൾ | പ്രാർത്ഥന കൊണ്ടു മാത്രമാണ് സുവിശേഷത്തിന് വാതിൽ കൊട്ടിയടച്ച രാജ്യങ്ങൾ തുറക്കപ്പെടുന്നത്. ചൈനയിൽ വന്നു കൊണ്ടിരിക്കുന്ന മാറ്റത്തിനായി സ്തോത്രം ചെയ്യാം. നമ്മുടെ അയൽ രാജ്യമായ ശ്രീലങ്കക്കായി. അഭ്യന്തരപ്രശ്നങ്ങൾ അവസാനിക്കാൻ. സുവിശേഷത്തിന് പൂർണ്ണ സ്വാതന്ത്ര്യം ലഭിക്കാൻ പ്രാർത്ഥിക്കുക. പത്രങ്ങളിൽ വരുന്ന വാർത്തകൾ കൂടാതെ ഒ. എം. പ്രസിദ്ധീകരിക്കുന്ന ഓപ്പറേഷൻ വേൾഡ് ലോകരാജ്യങ്ങൾക്കായി പ്രാർത്ഥിക്കാനുള്ള ഗൈഡാണ് 10/40 ജാലകത്തിൽ പ്പെടുന്ന രാജ്യങ്ങളിലാണ് ഏറ്റവും കുറവ് പ്രവർത്തനം. ചില രാജ്യങ്ങളിൽ നിരോധനവുമുണ്ട്. ഒരു കാലത്ത് ഒ.എം. പുസ്തകങ്ങൾക്ക് ഗോഡൗണായി ഉപയോഗിച്ചിരുന്ന ഇറാനിൽ സ്വാതന്ത്ര്യം ലഭിക്കാൻ പ്രസിഡണ്ട് മഹമൂദ് അഹമ്മദി നിജാതിക്കുവേണ്ടി. 10/40 ജാലക രാജ്യങ്ങളിലെ സ്ത്രീകൾ ക്രൂരതയ്ക്കും തരംതാഴ്ത്തലിനും വിധേയരായി ജീവിക്കുന്നു. പാക്കിസ്ഥാൻ ഭരണാധികാരികൾക്കായി. തീവ്രവാദം നിയന്ത്രിക്കാൻ. |
| **ശനി**<br>കുട്ടികൾ, യുവജനങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ | ചൈൽഡ് ഇവാൻജലിസം മിനിസ്ട്രി, വൈ.എം.ഇ.എഫ്, സി.ഇ.എഫ്, വി.ബി.എസ്, ബാലസംഘം പ്രവർത്തകരെ പേരു പറഞ്ഞ്. ശരിയായ സാക്ഷ്യത്തോടെയും ഭാരത്തോടെയും പ്രവർത്തിക്കുവാൻ. വിവിധ ക്യാമ്പുകൾക്കായി. ഏപ്രിലിൽ നടക്കുന്ന എസ്. എസ്. എൽ. ക്യാമ്പിനായി. മിഷൻ സ്കൂളുകൾക്കായി – ഊട്ടിയിലെ ഹെബ്രോൺ, സിറോഞ്ചയിലെ രെഹബോത്ത്, ഇർപ്പനാറിലെ ജീവൻ ജ്യോതി, കേരളത്തിലെ എൻ. എം. സ്കൂളുകൾ മിഷനറി ദൗത്യത്തോടെ പ്രവർത്തിക്കുവാൻ, പുതിയ സ്കൂളുകൾ ആരംഭിക്കുവാൻ പ്രത്യേകിച്ച് വടക്കേ ഇൻഡ്യയിലെ പല മിഷണറിമാരുടെയും കുട്ടികൾക്ക് വിദ്യാഭ്യാസ സൗകര്യമില്ല. നമ്മുടെ ആശുപത്രികൾക്കായും അതിന്റെ ചുമതല വഹിക്കുന്നവർക്കായും നമ്മുടെ മദ്ധ്യത്തിൽ പുതിയ മെഡിക്കൽ കോളജിനായി. വിവിധ അനാഥശാലകൾക്കായി പേരു പറഞ്ഞ്. പോൾ തിമോത്തി ട്രസ്റ്റിനായി. സ്റ്റിവാർഡ് അസോസ്സിയേഷൻ മുഖേന സുവിശേഷീകരണം സാദ്ധ്യമാകുവാൻ. |

Printed & Published by Tenson Joseph for Renewal Team at Thomson Press, Cochin, Karimpatta Road, Pallimukku, Cochin - 682 016.
Type Setting & Layout : Design Enroute, Ekm,